بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാള്യം 9

ലക്കം 42

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ഒക്ടോബർ 17/ഹി.ശം 1403 അഖാഅ് 17/ഹി:ഖ 1446 റബീഉൽ ആഖർ 13

## അല്ലാഹുവിന്റെ വചനം

لَا تَمُدَّنَّ عَيۡنَيۡكَ اِلٰى مَا مَتَّعۡنَا بِهٖۤ اَزۡوَاجًا مِّنۡهُمۡ وَلَا تَحۡزَنۡ عَلَيۡهِمۡ وَاخۡفِضۡ جَنَاحَكَ لِلۡمُؤۡمِنِيۡنَ ○

(سورہ الحجر، آیت 89)

അവരിൽനിന്നുള്ള വിവിധ വിഭാഗക്കാർക്ക് നാം നല്കിയിരിക്കുന്ന താൽക്കാലികമായ സുഖസൗകര്യങ്ങളിലേക്ക് നീ കണ്ണു വിടർത്തി നോക്കരുത്. നീ അവർക്കുവേണ്ടി ദുഃഖിക്കുകയുമരുത്. സത്യവിശ്വാസികൾക്ക് നിന്റെ(കാരുണ്യത്തിന്റെ)ചിറക് താഴ്ത്തിക്കൊടുക്കുക.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

**(2618)** അബ്ദുർറഹ്മാനുബ്നു അബീബക്ർؓ നിവേദനം. ഒരിക്കൽ ഒരു യാത്രയിൽ നബിﷺതിരുമേനിയുടെ കൂടെ ഞങ്ങൾ 130 പേരുണ്ടായിരുന്നു. നിങ്ങളാരുടെയെങ്കിലും പക്കൽ വല്ല ഭക്ഷണവുമുണ്ടോ എന്നു നബിﷺതിരുമേനി ചോദിച്ചു. ഒരാളുടെ കൈയിൽ ഏതാണ്ടൊരു സ്വാഅ് ധാന്യമുണ്ടായിരുന്നു. അതു പൊടിച്ചു. പൊക്കമുള്ള ഒരു ബഹുദൈവവിശ്വാസി കുറെ ആടുകളെ തെളിച്ചുകൊണ്ട് ആ വഴി വന്നു. വില്പനയ്ക്കോ സമ്മാനമോ എന്നു നബിﷺതിരുമേനി ചോദിച്ചു. വിൽപ്പനയ്ക്കാണെന്ന് അയാൾ മറുപടി പറഞ്ഞു. ഒരു ആടിനെ നബിﷺ തിരുമേനി വിലയ്ക്കുവാങ്ങി. എന്നിട്ടതിനെ അറുത്തു. കരളെടുത്തു ചുടുവാൻ നബിﷺതിരുമേനി കൽപ്പിച്ചു. അല്ലാഹുവാണെ സത്യം! ആ 130 പേർക്കും ആ കരളിൽനിന്ന് നബിﷺതിരുമേനി ഓരോ കഷണം മുറിച്ചുകൊടുത്തു. സദസ്സിലുള്ളവർക്ക് കൈയിൽ കൊടുക്കുകയും ഇല്ലാത്തവർക്ക് പ്രത്യേകം കരുതി വെക്കുകയും ചെയ്തു. അവസാനം അതിന്റെ മാംസം രണ്ടു പാത്രത്തിലാക്കി എല്ലാവരും വയറുനിറയുന്നതുവരെ തിന്നു. എന്നിട്ടും രണ്ടു പാത്രത്തിലും ബാക്കി വന്നു. അതു ഞങ്ങൾ ഒട്ടകപ്പുറത്ത് വഹിച്ചുകൊണ്ടുപോയി. ഏതാണ്ട് ഇതേ വാക്കുകളാണ് നിവേദകൻ പറഞ്ഞത്. *(സ്വഹീഹുൽബുഖാരി, വാള്യം 4, കിതാബുൽഹിബ)*

**വിശ്വാസം ഒരു ശക്തിയാണ്. അതു സത്യസന്ധമായ ധീരതയും തന്റേടവും മനുഷ്യന് പ്രദാനം ചെയ്യുന്നു. അതിന്റെ ഉദാഹരണം ആദരണീയരായ സ്വഹാബത്തിന്റെؓ ജീവിതത്തിൽ കാണാൻ കഴിയുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

അല്ലാഹുവിന്റെ മാർഗത്തിൽ ക്രൂരത സഹിക്കുകയും ബുദ്ധിമുട്ടുകളേയും പ്രയാസങ്ങളേയും പേറുന്നതിന് സദാ തയ്യാറായിരിക്കുകയും ചെയ്യുക എന്നത് വിശ്വാസപരമായ പ്രചോദനംകൊണ്ടുതന്നെയാണുണ്ടാകുന്നത്. വിശ്വാസം ഒരു ശക്തിയാണ്. അതു സത്യസന്ധമായ ധീരതയും തന്റേടവും മനുഷ്യന് പ്രദാനം ചെയ്യുന്നു. അതിന്റെ ഉദാഹരണം ആദരണീയരായ സ്വഹാബത്തിന്റെ(റ)ജീവിതത്തിൽ കാണാൻ കഴിയുന്നു. അവർ നബിﷺതിരുമേനിയോടൊപ്പമായപ്പോൾ ഈ രീതിയിൽ ഒന്നിനും കഴിവില്ലാത്ത ഒരു മനുഷ്യനോടൊപ്പം ചേരുന്നതുകൊണ്ട് തങ്ങൾക്കു പ്രതിഫലം കിട്ടുമെന്ന പ്രതീക്ഷ അവർക്കു നല്കിയതെന്തു കാര്യമാണ്. ഈ ഒരു മനുഷ്യനോടൊപ്പം ചേരുന്നതുകൊണ്ട് മുഴുവൻ ജനതയും തങ്ങളുടെ ശത്രുക്കളായിത്തീരുമെന്നതല്ലാതെ ബാഹ്യമായ മറ്റൊരു കാര്യവും കാണുന്നുണ്ടായിരുന്നില്ല. ഇതിന്റെ ഫലം വ്യക്തമായും കണ്ടത് ബുദ്ധിമുട്ടുകളുടേയും പ്രയാസങ്ങളുടേയും ഒരു പർവ്വതം പൊട്ടിത്തെറിക്കുന്നതായിരിക്കുമെന്നും അത് തങ്ങളെ തകർത്ത് തരിപ്പണമാക്കിക്കളയുമെന്നുമായിരിക്കും. അങ്ങനെ തങ്ങൾ സർവതും നഷ്ടപ്പെട്ടവരായിത്തീരും. എന്നാൽ, മറ്റൊരു കണ്ണുമുണ്ടായിരുന്നു. അത് ഈ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒന്നുമല്ലെന്നാണ് മനസ്സിലാക്കിയിരുന്നത്. ഈ മാർഗത്തിൽ മരിക്കുക എന്നത് അവരുടെ ദൃഷ്ടിയിൽ ഒരു സൗഖ്യത്തിനും സന്തോഷത്തിനും നിമിത്തമായിരുന്നു. അവരെന്താണോ കണ്ടിരുന്നത് അത് ബാഹ്യമായ കാഴ്ചക്കാരുടെ ദൃശ്യത്തെക്കാൾ അങ്ങേയറ്റം സൂക്ഷ്മവും വളരെ അകന്നതുമായിരുന്നു. അത് വിശ്വാസപരമായ കണ്ണായിരുന്നു. വിശ്വാസപരമായ ശക്തിയായിരുന്നു. അല്ല! ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒന്നുമല്ലെന്ന് കാണിച്ചിരുന്നു. അവസാനം ഈമാൻതന്നെ വിജയിച്ചു. ഈമാൻ അത്ഭുതം കാണിച്ചു. അതായത് ആരാണോ അവരെനോക്കി ചിരിച്ചത് അവർ ആരെയാണോ നിരലംബരെന്ന് പറഞ്ഞത് ആ ഈമാൻ അവരെ എവിടെയാണ് കൊണ്ടെത്തിച്ചത്. ആദ്യം മറഞ്ഞിരുന്ന ആ പ്രതിഫലവും കൂലിയും എങ്ങനെ വെളിപ്പെട്ടുവെന്നാൽ, അത് ഈ ലോകം കണ്ടു. ഇത് അതിന്റെ കനിയാണെന്ന് അനുഭവിച്ചറിയുകയും ചെയ്തു. ഈമാനിന്റെ സമ്പത്തുകൊണ്ട് സ്വഹാബത്തിന്റെ ആ ജമാഅത്ത് ക്ഷീണിച്ചില്ല. ശോഷിച്ചതുമില്ല. പ്രത്യുത ഈമാനികശക്തിയുടെ പ്രചോദനംകൊണ്ട് വലിയ വലിയ മഹത്തായ ജോലികൾ ചെയ്തു കാണിച്ചു. എന്നിട്ടും അവർ പറഞ്ഞത് ചെയ്യേണ്ട കടമ നിറവേറ്റപ്പെട്ടിട്ടില്ലെന്നാണ്! ഈമാൻ എത്രമാത്രം ശക്തി പ്രദാനം ചെയ്തുവെന്നാൽ അല്ലാഹുവിന്റെ മാർഗത്തിൽ തലകൊടുക്കുന്നതും ജീവൻ ബലിയർപ്പിക്കുന്നതും അവർക്ക് ഒരു നിസ്സാരകാര്യമായി മാറി. ഇസ്‌ലാമിന്റെ വക്താക്കൾ വ്യക്തമായ ഫലമൊന്നും കാണാതിരുന്ന കാലത്ത് നോക്കുക! എത്രമാത്രം മുസ്‌ലിമീങ്ങൾ ശത്രുക്കളുടെ കൈകളാൽ ഏതെല്ലാം തരത്തിലുള്ള ബുദ്ധിമുട്ടുകളും മുസ്വീബത്തുകളുമാണ് ***ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്*** എന്ന് പറഞ്ഞതിന്നെതിരിൽ സഹിച്ചത്. ഒരു കാലമുണ്ടായിരുന്നു, അന്ന് തലകൊടുക്കുന്നത് വലിയ കാര്യമൊന്നുമല്ലായിരുന്നു. പിന്നെ ഇതൊരു കാലമാണ്. അതായത് എതിരാളികൾ അത്തരത്തിലുള്ള ദ്രോഹങ്ങളൊന്നും ചെയ്യാതിരുന്നിട്ടും, ന്യായം നടത്തുന്ന ഒരു ഭരണകൂടത്തിന് തണലിൽ കഴിഞ്ഞിട്ടും, ഭരണകൂടം ഒരു തരത്തിലുള്ള വിരോധവും ചെയ്യാതിരുന്നിട്ടും ദീനീപരമായ അറിവുകൾ കരസ്ഥമാക്കാൻ എല്ലാ സംവിധാനവും ലഭിച്ചിട്ടും, മതപരമായ കാര്യങ്ങൾ നിർവഹിക്കാൻ ഒരു

ശേഷം പേജ് 7 ൽ

**ആരാണോ അല്ലാഹുവിന്റെ ദീനിനുവേണ്ടി എഴുന്നേറ്റു നിൽക്കുന്നത് അല്ലാഹു അവനെ സഹായിക്കുന്നു.**

**ജിഹാദ് നിർബന്ധമാകുന്നതിനുള്ള നിബന്ധകൾ.**

**മതപരവും രാഷ്ട്രീയപരവുമായ യുദ്ധങ്ങൾ തമ്മിലുള്ള വ്യത്യാസത്തിന്റെ വിവരണം.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്ؓ സൂറത്തുൽ ഹജ്ജിലെ 39-ാമത്തെ ആയത്തിനും തുടർന്നുള്ള ആയത്തുകൾക്കും നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു:

ഇസ്‌ലാമികാധ്യാപനത്തിന്റെ അടിസ്ഥാനത്തിൽ യുദ്ധത്തിനുള്ള അനുവാദം നല്കപ്പെടുന്നത്, ഏതെങ്കിലും ജനത ദീർഘകാലം മറ്റേതെങ്കിലും ജനതകളുടെ അക്രമങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുകയും അക്രമികളായ ജനത റബ്ബുനല്ലാഹ് എന്നു പറയുന്നതിൽനിന്ന് അവരെ തടയുകയും ചെയ്യുമ്പോഴായിരിക്കും. അതായത് അവരുടെ ദീനിൽ കൈകടത്തുകയും ബലാൽക്കാരമായി ഇസ്‌ലാമിൽനിന്ന് അവരെ പിന്തിരിപ്പിക്കുകയും അല്ലെങ്കിൽ കൈയ്യൂക്കുകൊണ്ട് അതിൽ പ്രവേശിക്കുന്നതിൽനിന്ന് തടയുകയും അതിൽ പ്രവേശിക്കുന്നവരെ ഇസ്‌ലാം സ്വീകരിച്ചുവെന്ന കുറ്റത്തിന് വധിക്കുകയും ചെയ്യുക. ആ ജനതയോടല്ലാതെ മറ്റാരോടും ജിഹാദു ചെയ്യാൻ പാടില്ല. പക്ഷേ, ഇനി യുദ്ധമുണ്ടായാൽ രാഷ്ട്രീയപരവും ദേശീയപരവുമായ യുദ്ധമായിരിക്കുമത്. അത് മുസ്‌ലിം ജനതകളിലും ഉണ്ടാകാവുന്നതാണ്. എന്നാൽ, ആ യുദ്ധത്തിൽ പങ്കെടുക്കുക എന്നത് എല്ലാ മുസ്‌ലിമീങ്ങൾക്കും നിർബന്ധമ

ശേഷം പേജ് 11 ൽ

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

**ഈ ലക്കത്തിൽ**

ജുമുഅ ഖുത്വ്ബ
13 സെപ്തംബർ 2024

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

### നബിﷺതിരുമേനി പറഞ്ഞു:

**ആദ്യത്തെ തവണ മിന്നൽപ്രകാശം പോലെ തീപ്പൊരികൾ പറന്നപ്പോൾ ഹീറയുടെയും കിസ്റയുടെയും കൊട്ടാരങ്ങൾ എനിക്ക് കാണിക്കപ്പെട്ടു. ജിബ്‌രീൽ എന്നോടു പറഞ്ഞു: അങ്ങയുടെ ഉമ്മത്ത് അവയുടെ മേൽ വിജയം വരിക്കുന്നതാണ്. രണ്ടാം വട്ടം മദായനിലെ മിന്നിത്തിളങ്ങുന്ന പേർഷ്യൻകൊട്ടാരങ്ങൾ ഞാൻ കണ്ടു. ആ കൊട്ടാരത്തിന്റെ താക്കോലുകളും എന്റെ കൈയിൽ വെക്കപ്പെട്ടു. മൂന്നാമത്തെ പ്രാവശ്യം പ്രകാശം കണ്ടപ്പോൾ സ്വൻആയുടെ കൊട്ടാരങ്ങൾ എനിക്കു കാണിക്കപ്പെട്ടു. ജിബ്‌രീൽؑപറഞ്ഞു: അങ്ങയുടെ ഉമ്മത്ത് ഇതും പിടിച്ചടക്കുന്നതാണ്.**

**കിടങ്ങുകുഴിക്കുന്നതിനിടയൽ നബിﷺതിരുമേനിയുടെ സാന്നിധ്യവും അവിടത്തെ ദുആകളുടെ ബർക്കത്തുംകൊണ്ട് സ്വഹാബത്ത് തങ്ങളുടെ വിഷമത്തിന്റേയും അധ്വാനത്തിന്റേയും ബുദ്ധിമുട്ട് മറന്നുപോയിരുന്നു.**

**അഹ്സാബു യുദ്ധത്തിനുവേണ്ടിയുള്ള കിടങ്ങു കുഴിക്കലും ആനേരത്ത് വെളിപ്പെട്ട ദിവ്യദൃഷ്ടാന്തങ്ങളും.**

**അഹ്മദികളുടെ ഈമാനിൽ കരുത്തുണ്ടാകുന്നതിനും ലോകത്തിന്റെ പൊതുവായ അവസ്ഥ നന്നായിത്തീരുന്നതിനുംവേണ്ടി ദുആ ചെയ്യാനുള്ള ഉപദേശം.**

**അല്ലാഹു എല്ലാ ശക്തികളുടേയും മാലിക്കാണ്. ഇപ്പോഴും ഇക്കൂട്ടർ തങ്ങളുടെ പരിഷ്കരണത്തിന് ശ്രദ്ധിക്കുകയാണെങ്കിൽ അവരെ മുസീബത്തുളിൽനിന്ന് പുറത്തുകൊണ്ടുവരാൻ അല്ലാഹുവിന് കഴിയും. അവർക്ക് ബുദ്ധിയും ഗ്രാഹ്യവുമുണ്ടാകാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ 2024 സെപ്റ്റംബർ 13, 1403 തബൂക് 13, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

അഹ്സാബ് യുദ്ധത്തെ കുറിച്ചായിരുന്നു കഴിഞ്ഞ ഖുത്ബയിൽ വിവരിച്ചിരുന്നത്. എങ്ങനെയാണ് ഖയ്ബറിലെ യഹൂദികൾ വാഗ്ദാന ലഘനം നടത്തുകയും വെറുപ്പുകാരണം മുസ്‌ലിമീങ്ങളെ ആക്രമിച്ച് നാമാവശേഷമാക്കാൻ സത്യനിഷേധികളുടെ സൈന്യംതയ്യാറാക്കിയതെന്നുംപറഞ്ഞിരുന്നു. ഇതിന്റെ കൂടുതൽ വിശദീകരണങ്ങൾ ചരിത്രത്തിൽ ഇങ്ങനെ കാണുന്നുണ്ട്. നബിﷺ തിരുമേനി സുലയ്ത്, സുഫിയാൻ ബിൻ ഔഫ് അസ്‌ലമി എന്നിവരെ സൈന്യങ്ങളെ സംബന്ധിച്ച് വിവരം അറിഞ്ഞു വരാൻ പറഞ്ഞയക്കുകയും അങ്ങനെ അവർ ബയ്ദാഅ് എന്ന സ്ഥലത്തെത്തുകയും ചെയ്തു. ഇത് മക്കയ്ക്കും മദീനയ്ക്കുമിടയിൽ ദുൽഹുലയ്ഫയിൽനിന്ന് മുന്നോട്ടുള്ള ഒരു മൈതാന പ്രദേശമാകുന്നു. ദുൽഹുലയ്ഫ മദീനയിൽനിന്ന് 6,7 മൈൽ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഏതായാലും ഇവർ രണ്ടുപേരെയും അബൂസുഫിയാന്റെ കുതിര സവാരിക്കാർ ശ്രദ്ധിക്കാൻ തുടങ്ങി. ശത്രുക്കൾ അവരെ കണ്ടപ്പോൾ അവർ രണ്ടുപേരും അവരോടു പോരാടി ശഹാദത്ത് വരിച്ചു. അവരിരുവരേയും നബിﷺതിരുമേനിയുടെ അടുക്കൽ കൊണ്ടുവരികയും ഒരേ ഖബ്റിൽ അടക്കുകയും ചെയ്തു. എഴുതിയിരിക്കുന്നു: കിടങ്ങ് കുഴിക്കാനുള്ള തീരുമാനമായപ്പോൾ നബിﷺതിരുമേനി തന്റെ കുതിരപ്പുറത്ത് യാത്ര പുറപ്പെട്ടു. നബിﷺതിരുമേനിയോടൊപ്പം നിരവധി മുഹാജിറുകളും അൻസ്വാറുമുണ്ടായിരുന്നു. നബിﷺതിരുമേനി സൈന്യത്തിന് തമ്പടിക്കാനുള്ള സ്ഥലം അന്വേഷിക്കുകയായിരുന്നു. ഏറ്റവും നല്ല സ്ഥലമായി കണ്ടെത്തിയത് സലഅ പർവ്വതം തങ്ങളുടെ പിന്നിൽവരുന്ന രീതിയിലുള്ള സ്ഥലമാണ്. മദാദ് മുതൽ ദുബാബും റാത്തിജുംവരെ കിടങ്ങു കുഴിക്കാമെന്നും തീരുമാനമായി. മദാദ് മദീനയിൽ സലഅ മലയ്ക്ക് അരികെയുള്ള ഒരു സ്ഥലമാകുന്നു. ദുബാബ് മറ്റൊരു മലയുടെ പേരാണ്. റാത്തിജ് മദീനയിലെ കോട്ടകളിലുള്ള ഒരു കോട്ടയാകുന്നു. ഇത് യഹൂദികളുടെ കോട്ടയായിരുന്നു. ദുബാബിനു കിഴക്കുഭാഗത്തുള്ള ഒരു മലയാണ് ഇതെന്നും പറയപ്പെടുന്നു. അന്നേദിവസംതന്നെ കിടങ്ങിന്റെ പണി ആരംഭിച്ചു.

മുസ്‌ലിമീങ്ങൾ ബനൂ ഖുറയ്ളയിൽനിന്ന് കുഴിക്കാനുള്ള ഒരുപാട് ആയുധങ്ങൾ വലിയ പിക്കാസ്, മൺവെട്ടി തുടങ്ങിയവ കടം വാങ്ങിയിരുന്നു. ഓരോ ഭാഗത്തും കുഴിക്കുന്നതിന് ഓരോ ഗോത്രങ്ങളെ ഏൽപ്പിക്കുകയാണ് ചെയ്തത്. നബിﷺ തിരുമേനി സ്വഹാബാക്കളെ 10 അംഗങ്ങൾ അടങ്ങുന്ന സംഘങ്ങളാക്കി തിരിച്ചു. ഓരോ പത്തുപേർക്കും ഏറെക്കുറെ 40 മുഴമാണ് കുഴിക്കേണ്ടിയിരുന്നത്. നബിﷺതിരുമേനി നേരിട്ടും കിടങ്ങു കുഴിക്കുന്നതിൽ ഭാഗഭാക്കായി. മണ്ണ് തന്റെ പുറത്തേറ്റുകയും ചെയ്തു. അങ്ങനെ നബിﷺ തിരുമേനിയുടെ പുറത്തും വയറ്റത്തുമെല്ലാം പൊടിപുരണ്ടു. തങ്ങളുടെ ഭാഗം പൂർത്തിയാക്കിയ മുസ്‌ലിമീങ്ങൾ മറ്റുള്ളവരെ സഹായിക്കാനെത്തിയിരുന്നു. അങ്ങനെ കിടങ്ങുപണി പൂർത്തിയായി. പണി തീർന്നവർ മാറി ഇരിക്കുകയല്ല ചെയ്തത്. മറിച്ച് തങ്ങളുടെ സഹോദരങ്ങളെ സഹായിക്കാൻ എത്തുകയായിരുന്നു. കിടങ്ങ് കുഴിക്കുന്നതിൽ ഒരു മുസ്‌ലിമും മാറി നിന്നില്ല. ഹദ്റത്ത് അബൂബക്റുംؓ ഹദ്റത്ത് ഉമറുംؓ കുട്ടകൾ കിട്ടാതാകുമ്പോൾ തങ്ങളുടെ വസ്ത്രങ്ങളിൽ ത്തന്നെ മണ്ണ് വാരിയെടുത്തു കൊണ്ടുപോയി ഇടുമായിരുന്നു. കിട്ടാവുന്ന തുണികളിൽ മണ്ണെടുത്ത് കൊണ്ടുപോകുമായിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 364-365 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(ഫർഹങ്കെ സീറത്ത് പേജ് 105,125,129,265 പ്രസാധനം സവാർ അക്കാഡമി കറാച്ചി)(ഖുലാസ്വത്തുൽവഫാഉ ബി അഖ്ബാരി ദാറുൽമുസ്ത്വഫാ പേജ് 553 -554, മക്തബുൽഇൽമിയ്യ മദീന മുനവ്വറ)*

അതിന്റെ വിശദീകരണത്തിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓ എഴുതുന്നു: 'ഇത്രയും വലിയൊരു സൈന്യനീക്കം രഹസ്യമാക്കി വെക്കുക എന്നത് സത്യനിഷേധികൾക്ക് പ്രയാസമായിരുന്നു. മാത്രമല്ല നബിﷺതിരുമേനിയുടെ രഹസ്യാന്വേഷണ വിഭാഗവും വളരെ ശക്തമായിരുന്നു. അങ്ങനെ ഖുറയ്ശികൾ മക്കയിൽനിന്ന് പുറപ്പെടുമ്പോൾത്തന്നെ നബിﷺതിരുമേനിക്ക് അവരെക്കുറിച്ച് അറിവ് ലഭിച്ചു. തുടർന്ന് നബിﷺതിരുമേനി സ്വഹാബാക്കളെ ഒരുമിച്ചുകൂട്ടി അവരോടു അഭിപ്രായം ആരാഞ്ഞു. ഈ കൂടിയാലോചനയിൽ ഇറാനിൽ

നിന്നുള്ള ആത്മാർഥനായ ഒരു സ്വഹാബി സൽമാൻ ഫാരിസിയുമുണ്ടായിരുന്നു.

സൽമാൻ ഫാരിസി അജമികളുടെ അതായത് അനറബികളുടെ യുദ്ധരീതിയെ സംബന്ധിച്ച് അറിയാവുന്ന ആളായിരുന്നു. അദ്ദേഹം മദീനയുടെ സുരക്ഷിതമല്ലാത്ത പ്രദേശങ്ങൾക്കു മുമ്പിൽ നീണ്ടതും ആഴത്തിലുള്ളതുമായ കിടങ്ങ് കുഴിച്ചുകൊണ്ട് തങ്ങളെ സംരക്ഷിക്കാമെന്ന് അഭിപ്രായപ്പെട്ടു. കിടങ്ങ് സംബന്ധിച്ച ചിന്ത അറബികൾക്ക് തികച്ചും പുതുമയുള്ളതായിരുന്നു. എന്നാൽ, ഈ രീതി അറേബ്യയുടെതല്ലാത്ത പ്രദേശങ്ങളിൽ പൊതുവിൽ വിജയപൂർവ്വം പ്രാവർത്തികമാക്കുന്നുണ്ടെന്നറിഞ്ഞപ്പോൾ നബിﷺതിരുമേനി ഈ അഭിപ്രായത്തിന് അംഗീകാരം നൽകി.'

കഴിഞ്ഞ ഖുത്ബയിൽ അല്ലാഹുവും നബിﷺതിരുമേനിക്ക് ഈ രീതി അഭികാമ്യമാണെന്ന് അറിയിപ്പ് കൊടുത്തിരുന്നുവെന്ന് പറഞ്ഞിരുന്നു. ഏതായാലും എഴുതുന്നു: 'മദീന പട്ടണത്തിന്റെ മൂന്നു ഭാഗം ഒരുതരത്തിൽ സുരക്ഷിതമായിരുന്നു. അതായത് വീടുകളുടെ തുടർച്ചയായ മതിലുകളും ഇടതൂർന്ന വൃക്ഷങ്ങളും കുന്നുകളുടെ ശൃംഖലയും കാരണം ഈ ഭാഗങ്ങൾ സത്യനിഷേധികളുടെ സൈന്യത്തിന്റെ ഓർക്കാപ്പുറത്തുള്ള ആക്രമണത്തിൽനിന്ന് സുരക്ഷിതമായിരുന്നു. ശാമിലേക്കുള്ള ഭാഗത്തൂടെ മാത്രമെശത്രുക്കൾക്ക് കൂട്ടമായി മദീനയെ ആക്രമിക്കാൻ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ട് നബിﷺതിരുമേനി സുരക്ഷിതമല്ലാത്ത ഭാഗത്ത് കിടങ്ങു കുഴിക്കാൻ കൽപ്പന നൽകി. നബിﷺതിരുമേനി തന്റെ മേൽനോട്ടത്തിൽത്തന്നെ ആ സന്ദർഭത്തിൽ ഓരോ പത്തുപേർക്കും നല്കാനുണ്ടാക്കിയ തത്ത്വമനുസരിച്ച് പതുപത്ത് വീതം മുഴം അതായത് 15 അടി വീതം കുഴിക്കുന്നതിനാണ് നൽകിയിരുന്നത്. ഈ വീതംവെപ്പിൽ സൽമാൻ ഫാരിസി ഏതു ഭാഗത്തായിരിക്കുമെന്നതും കൗതുകകരമായ തർക്കമായി. എല്ലാവരും സൽമാൻ തങ്ങളുടെ കൂടെ ആയിരിക്കണമെന്ന് ആഗ്രഹിച്ചു. അദ്ദേഹത്തെ മുഹാജിരീങ്ങളിൽ ഉൾപ്പെടുത്തുമോ അതല്ല ഇസ്‌ലാമിനു മുമ്പേ മദീനയിലെത്തിയതുകൊണ്ട് അൻസ്വാറിൽ ഉൾപ്പെടുമോ! കാരണം സൽമാനാണ് ഇത്തരത്തിലുള്ള യുദ്ധത്തിന്റെ നിർദ്ദേശം മുന്നോട്ടുവെച്ചത്. അല്ലെങ്കിലും എന്തിനും തയ്യാറുള്ള വ്യക്തിയും വൃദ്ധനെങ്കിലും ബലിഷ്ഠകായനുമായതിനാൽ എല്ലാ സംഘവും അദ്ദേഹം തങ്ങളോടൊപ്പമുണ്ടാകണമെന്ന് ആഗ്രഹിച്ചിരുന്നു. അവസാനം ഈ തർക്കം നബിﷺതിരുമേനിയുടെ സവിധത്തിലെത്തി. നബിﷺതിരുമേനി ഇരുകൂട്ടരുടെയും വാദങ്ങൾക്കേട്ടു. അതായത് രണ്ടു കൂട്ടരും പറഞ്ഞ വാദങ്ങൾക്കേട്ടു. പിന്നെ ചിരിച്ചുകൊണ്ടു പറഞ്ഞു, സൽമാൻ രണ്ടുകൂട്ടരുടെയും കൂടെയല്ല മുഹാജിരീങ്ങളിൽ അല്ലെങ്കിൽ അൻസ്വാറിൽ ഉണ്ടാകുന്നതല്ല. പ്രത്യുത സൽമാനു മിന്നാ അഹ്‌ലുൽ ബയ്ത്തി അതായത് സൽമാൻ എന്റെ കുടുംബത്തിൽ പെട്ടതാണ്. അന്നു മുതൽ സൽമാൻ നബിﷺതിരുമേനിയുടെ കുടുംബത്തിലെ അംഗമായി മനസ്സിലാക്കപ്പെടാൻ തുടങ്ങി.

കിടങ്ങു കുഴിക്കാനുള്ള തീരുമാനം ഉറപ്പിച്ചതിനുശേഷം സ്വഹാബാക്കളുടെ സംഘം തൊഴിലാളികളുടെ വേഷത്തിൽ രംഗത്തിറങ്ങി. കിടങ്ങ് കുഴിക്കുന്ന പണി എളുപ്പമായിരുന്നില്ല. വളരെ ദുഷ്കരമായിരുന്നു. കാലാവസ്ഥയും തണുപ്പുള്ളതായിരുന്നു. അതുകാരണം ആ ദിവസങ്ങളിൽ സ്വഹാബാക്കൾക്ക് വലിയ പ്രയാസങ്ങൾ നേരിട്ടു. അവരുടെ കച്ചവടങ്ങൾ പൂർണമായും നിലച്ചു. അവർ ഉപജീവനത്തിന് അന്നന്ന് സമ്പാദിക്കുകയാണ് ചെയ്തിരുന്നത്. അത്തരമാളുകൾ സ്വഹാബാക്കളിൽ കുറവായിരുന്നില്ല. അന്നന്ന് ജോലി ചെയ്തു കിട്ടുന്ന കൂലികൊണ്ടാണ് ഭക്ഷണം കഴിച്ചിരുന്നത്. അവർക്ക് ആ ദിവസങ്ങളിൽ പട്ടിണിയും പരിവട്ടവും സഹിക്കേണ്ടിവന്നു. കാരണം സ്വഹാബാക്കളുടെ പക്കൽ വേലക്കാരോ അടിമകളോ ഇല്ലായിരുന്നു. അതുകൊണ്ട് എല്ലാ സ്വഹാബാക്കളും സ്വന്തം ഉപജീവനം സ്വന്തമായി കണ്ടെത്തിയിരുന്നു. 10 പേരുടെ വീതം ഗ്രൂപ്പുകളുണ്ടാക്കി. അവർ തങ്ങൾക്കുള്ളിൽ ജോലികൾ ഇങ്ങനെ വിഭജിച്ചു; കുറച്ചുപേർ കുഴിയെടുക്കുമ്പോൾ മറ്റുള്ളവർ അതിലെ മണ്ണു കൊണ്ടുപോയി പുറത്തിട്ടിരുന്നു. കല്ലുകൾ കുട്ടകളിൽ നിറച്ച് തോളുകളിലേറ്റി പുറത്തുകൊണ്ടുപോയി ഇടുമായിരുന്നു. നബിﷺതിരുമേനിയും കൂടുതൽ സമയവും കിടങ്ങിനു അടുത്തുതന്നെ കഴിച്ചുകൂട്ടി. പലപ്പോഴും സ്വഹാബക്കളുമായിച്ചേർന്ന് കുഴിക്കാനും കുഴിച്ച ഭാഗങ്ങൾ നിരപ്പാക്കാനും സഹായിച്ചിരുന്നു.' (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضി എം.എ, പേജ് 574–575).

കിടങ്ങ് കുഴിക്കുന്നതിനിടയിൽ ഉന്മേഷമുണ്ടാകുന്നതിന് കവിതകളും ചൊല്ലുമായിരുന്നു. അതിന്റെ വിശദീകരണത്തിലെഴുതുന്നു: സഹ്ൽ ബിൻ സഅ്ദിൽനിന്നും അനസിൽനിന്നും നിവേദനം. നബിﷺതിരുമേനി ഞങ്ങളുടെ അടുത്തുവരുമ്പോൾ ഞങ്ങൾ കിടങ്ങ് കുഴിക്കുകയായിരുന്നു. മണ്ണ് ചുമലിലേറ്റി പുറത്തുകൊണ്ടുപോയി ഇടുകയായിരുന്നു. ഞങ്ങളുടെ ഈ പ്രയാസവും വിശപ്പും കണ്ടപ്പോൾ അവിടന്ന് പറഞ്ഞു:

**അല്ലാഹുമ്മ ലാ അയ്ശ ഇല്ലാ**
**അയ്ശുൽആഖിറ**

**ഫഗ്ഫിരിൽ അൻസ്വാറ**
**വൽമുഹാജിറ**

അതായത് അല്ലാഹുവേ! യഥാർഥ വിശ്രമം ആഖിറത്തിലെ വിശ്രമമാകുന്നു. നീ അൻസ്വാറിനും മുഹാജിറിനും പൊറുത്തു കൊടുക്കേണമേ.

ആ നേരത്ത് സ്വഹബാക്കൾ മറുപടിയായി ഇങ്ങനെ പറഞ്ഞു:

**നഹ്നുല്ലദീന ബായഊ മുഹമ്മദാ**

**അലൽ ജിഹാദി മാ ബഖീനാ അബദാ**

ഞങ്ങൾക്ക് ജീവനുള്ളിടത്തോളംകാലം ജിഹാദ് ചെയ്യുന്നതാണെന്ന് മുഹമ്മദുﷺമായി ഞങ്ങൾ ബയ്അത്ത് ചെയ്തിരിക്കുന്നു.

ഹദ്റത്ത് ബറാഅ് ബിൻ ആസിബ്رضനിവേദനം. കിടങ്ങ് കുഴിക്കുന്ന ദിവസങ്ങളിൽ നബിﷺതിരുമേനി മണ്ണേറ്റിക്കൊണ്ടുവരുന്നത് ഞാൻ കണ്ടിരുന്നു. നബിﷺതിരുമേനിയുടെ വയറ്റത്തെ വെളുപ്പുനിറം മണ്ണുകൊണ്ട് മറഞ്ഞു പോയിരുന്നു. ഞാൻ നബിﷺതിരുമേനി ഇബ്നു റവാഹായുടെ ഈ ഈരടികൾ ചൊല്ലുന്നതായും കേട്ടിരുന്നു:

**വല്ലാഹി ലൗലാ മഹ്ത്തദയ്നാ**

**വലാ തസ്വദ്ദഖ്നാ വലാ സ്വല്ലയ്നാ**

**ഫ അൻസിലൻ സക്കീനത്തൻ**
**അലയ്നാ**

**വ ഥബ്ബിത്തിൽഅഖ്ദാമ**
**ഇൻ ലാഖീനാ**

**വൽ മുശ്രിക്കൂന ഖദ്**
**ബഗൗ അലയ്നാ**

**ഇദാ അറാദൂ ഫിത്നത്തൻ**
**അബയ്നാ**

അതായത് ഞങ്ങളുടെ മൗലാ! നിന്റെ അനുഗ്രഹമില്ലായിരുന്നെങ്കിൽ ഞങ്ങൾക്ക് സന്മാർഗം ലഭിക്കുമായിരുന്നില്ല. ഞങ്ങൾക്ക് ദാനധർമങ്ങൾ ചെയ്യാനും ഇബാദത്തുകളെടുക്കാനും കഴിയുമായിരുന്നില്ല. അല്ലാഹുവേ! നീ ഞങ്ങളെ ഇവിടംവരെ എത്തിച്ച സ്ഥിതിക്ക് ഈ പ്രയാസഘട്ടത്തിലും ഞങ്ങളുടെ ഹൃദയങ്ങളിൽ സമാധാനം നൽകേണമേ. ശത്രുക്കളുമായി നേരിടേണ്ടി വന്നാൽ, ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ, അവർ ഞങ്ങൾക്കെതിരിൽ അക്രമവും ദ്രോഹവും മുഖേന ആക്രമണം നടത്തിക്കൊണ്ടിരിക്കുകയാണെന്നും അവരുടെ ലക്ഷ്യം ഞങ്ങളെ ഞങ്ങളുടെ ദീനിൽനിന്ന് അകറ്റുകയാണെന്നും നിനക്കറിയാമല്ലോ. എന്നാൽ, ഞങ്ങളുടെ രക്ഷി


**• ഹദീഥുന്നബവ്വി(സ) •**

'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'
(മിശ്ക്കാത്ത് 3:4)

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബവ്വി(സ) •**

യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയിലല്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു. (മിശ്ക്കാത്ത് 3:9)

ത്വാലിബെ ദുആ
P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

താവേ! നിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ അവസ്ഥയെന്തെന്നാൽ, അവർ ഞങ്ങളെ ദീനിൽനിന്ന് അകറ്റുന്നതിനെന്തെങ്കിലും ഉപായങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഞങ്ങൾ അവരുടെ ഉപായങ്ങളെ അകലെനിന്നുതന്നെ തട്ടി മാറ്റുകയും അവരുടെ ഫിത്നയിൽ വീഴുന്നതിൽ നിന്ന് മാറി നിൽക്കുകയും ഞങ്ങൾ ഉറക്കെ അബീനാ അബീനാ എന്ന് വിളിച്ചുപറയുകയും ചെയ്യുന്നു. ഒരു നിവേദനത്തിൽ ഈരടിയുടെ അവസാനത്തിൽ ശബ്ദം നീട്ടിക്കൊണ്ടു പോകുന്നതായി കാണുന്നുണ്ട്.

ഏതായാലും കിടങ്ങു കുഴിക്കുകയെന്നത് വളരെ ശ്രമകരമായ ജോലിയായിരുന്നു. സ്വഹാബാക്കളെ പോലെ നബിﷺ തിരുമേനിയും കിടങ്ങു കുഴിക്കുന്നതിന് അവരോടൊപ്പമുണ്ടായിരുന്നു. ചിലപ്പോൾ മൺവെട്ടി കൊണ്ടും ചിലപ്പോൾ പിക്കാസു കൊണ്ടുംവെട്ടി മണ്ണ് കൂട്ടുമായിരുന്നു. ചില സന്ദർഭങ്ങളിൽ കുട്ടകളിൽ മണ്ണ് നിറച്ച് കൊണ്ടുപോയി പുറത്തിടുമായിരുന്നു. ഒരു ദിവസം നബിﷺതിരുമേനി വളരെയേറെ ക്ഷീണിതനായി ഒരു ഭാഗത്തിരിക്കുകയായിരുന്നു. തന്റെ ഇടതുഭാഗത്തേക്ക് ഒരു കല്ലിൽ ചാഞ്ഞിരുന്നു, നബിﷺതിരുമേനിക്ക് ഉറക്കം വന്നു. അപ്പോൾ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറുംرضि നബിﷺ തിരുമേനിയുടെ തലഭാഗത്തുനിന്ന് ആളുകൾ നബിﷺതിരുമേനിയുടെ അടുത്തുവരുന്നതിൽ നിന്നും അങ്ങനെ ഉറക്കത്തിനു ഭംഗമുണ്ടാകാതിരിക്കാനും അവരെ തടുത്തുകൊണ്ടിരുന്നു. നബിﷺതിരുമേനി ഉറക്കമുണർന്നപ്പോൾ കുറച്ചു സമയത്തിനകം വേഗം എഴുന്നേറ്റു പറഞ്ഞു: നിങ്ങളെന്തുകൊണ്ട് എന്നെ ഉണർത്തിയില്ല ഞാനുറങ്ങുമ്പോൾ എന്തുകൊണ്ട് എന്നെ ഉണർത്തിയില്ല. പിന്നെ നബിﷺതിരുമേനി ഒരു വലിയ പിക്കാസെടുത്ത് മണ്ണ് കുഴിക്കാൻ തുടങ്ങി. അതായത് ജോലി ആരംഭിച്ചു. നബി ﷺ തിരുമേനിയുടെ സാന്നിധ്യവും ദുആകളുടെ അനുഗ്രഹങ്ങളും കാരണം സ്വഹാബാക്കൾ തങ്ങളുടെ പ്രയാസങ്ങളും ദുഃഖങ്ങളും മറന്നു പോയിരുന്നു. ഒരുഭാഗത്ത് പരിശുദ്ധമായ കവിതകൾ ചൊല്ലിയിരുന്നു, മറുഭാഗത്ത് ചെറിയ ചെറിയ ഫലിതങ്ങളും പറഞ്ഞിരുന്നു. ഒരിക്കൽ ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ്رضی-അന്ന് അദ്ദേഹത്തിന് വളരെ ചെറിയ പ്രായമായിരുന്നു- കിടങ്ങ് കുഴിച്ചു കൊണ്ടിരിക്കുമ്പോൾ അതിനുള്ളിൽത്തന്നെ ഉറങ്ങിപ്പോയി. അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് തമാശയ്ക്ക് അദ്ദേഹത്തിന്റെ മൺവെട്ടി എടുത്തുമാറ്റി. ഉണർന്നു നോക്കുമ്പോൾ തന്റെ സാധനസാമഗ്രികൾ കാണാതെ പരിഭ്രമിച്ചു. അതേസമയം സുഹൃത്ത് ഈ പരിഭ്രമം കണ്ടപ്പോൾ ചിരിക്കുകയായിരുന്നു. നബിﷺതിരുമേനി അതറിഞ്ഞപ്പോൾ സയ്ദിനോട് പറഞ്ഞു: 'മോനേ! നിന്റെ സാധനങ്ങളെപ്പറ്റിപ്പോലും ചിന്തിക്കാതെയാണ് നീ ഉറങ്ങിപ്പോയതല്ലേ.'മറ്റൊരു നിവേദനത്തിൽ പറയുന്നു: നബിﷺതിരുമേനി സയ്ദിന്റെ അടുത്തുപോയി പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു: യാ അബാറുഖാദിൻ! (അല്ലയോ ഉറക്കം തൂങ്ങീ). വളരെ യുക്തിപൂർവ്വം നബിﷺതിരുമേനി ഈ തമാശയും ഗുണദോഷിക്കുകയുണ്ടായി. നബിﷺതിരുമേനി പറഞ്ഞു: സയ്ദിന്റെ സാധനങ്ങളെക്കുറിച്ച് ആർക്കാണറിവുള്ളത്? അത് എടുത്തയാൾ പറഞ്ഞു: 'എന്റെ പക്കലുണ്ട്. ഞാനാണെടുത്തത്.' നബിﷺതിരുമേനി പറഞ്ഞു:'ഒരു മുസ്‌ലിമിന്റേയും ആയുധങ്ങളെടുത്തുമാറ്റി അയാളെ വിഷമിപ്പിക്കാതിരിക്കേണ്ടതാണ്.' *(സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 420, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്), (സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 365-367, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(ഇംതാഉൽ അസ്മാഅ്, വാള്യം 1, പേജ് 227, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

സ്വഹാബാക്കൾ നിരന്തരം രാപ്പകൽ അധ്വാനിച്ചുകൊണ്ടും നബിﷺതിരുമേനിയുടെ ദുആകളുടെ അനുഗ്രഹത്താലും ഈ കിടങ്ങ് പൂർത്തിയാക്കി. മുസ്‌ലിമീങ്ങൾ കിടങ്ങ് കുഴിക്കുമ്പോൾ അതിനെ ബലപ്പെടുത്തുകയും ചെയ്തിരുന്നു. കിടങ്ങ് എത്ര സമയം കൊണ്ടാണ് പൂർത്തിയായതെന്നതിനെ സംബന്ധിച്ച് നിവേദനങ്ങളുണ്ട്. 6 ദിവസം, 10 ദിവസം, 15 ദിവസം, 20 ദിവസം, ഒരു മാസം എന്നിങ്ങനെ അതിന്റെ കാലയളവ് പറയപ്പെടുന്നു. 15/20 ദിവസം എന്നത് സംബന്ധിച്ചാണ് കൂടുതലും അഭിപ്രായ ഐക്യം കാണുന്നത്. *(സീറത്തുൽ ഹൽബിയ്യ, വാള്യം 2, പേജ് 422, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

ഈ കിടങ്ങിന്റെ നീളം ഏകദേശം 6000 മുഴമായിരുന്നു. അതായത് മൂന്നര മൈലായിരുന്നു. വീതി 9 മുഴമായിരുന്നു. ആഴം 7 മുഴമായിരുന്നു. ഒരു മുഴം എന്നതുകൊണ്ട് ഒന്നര അടിയാണ് ഉദ്ദേശിക്കുന്നത്. വീതി 13,14 അടിയും ആഴം 10,11 അടിയുമായിരിക്കും.*(അറ്റ്ലസ് സീറത്ത് നബവിﷺ, പേജ് 278, പ്രസാധനം ദാറുസ്സലാം)(ഗസ്‌വത്തു അഹ്സാബ്, മുഹമ്മദു അഹ്മദ് ബാശമീൽ, പേജ് 171, നഫീസ് അക്കാഡമി കറാച്ചി)(അസ്സ്വഹീഹ് മിൻ സീറത്തി നബിയിൽ അഅ്ളം, വാള്യം 10 പേജ് 208, അൽമർക്കസുൽ ഇസ്‌ലാമീ ലിദ്ദിറാസാത്ത്)*

ഈ വലിയ കിടങ്ങ് നൂറ്റാണ്ടുകളോളം നിലനിന്നിരുന്നു. പിന്നെ ബത്ഹാൻ താഴ്‌വരയിലെ തുടർച്ചയായ നീരൊഴുക്കുകൊണ്ട് അതില്ലാതായി. ബത്ഹാൻ മദീനയിലെ അറിയപ്പെടുന്ന 3 താഴ്‌വരകളിലൊന്നായിരുന്നു. മറ്റു രണ്ടു താഴ്‌വരകൾ അഖീഖും ഖനാത്തുമായിരുന്നു. *(ഫർഹങ്കെ സീറത്ത്, പേജ് 58-59,സവാർ അക്കാഡമി കറാച്ചി)*

ഈ കിടങ്ങിന്റെ കുറച്ചുഭാഗം, വഴിയുണ്ടാക്കുന്നതിനുവേണ്ടി ആളുകൾത്തന്നെ പിന്നീട് നികത്തുകയായിരുന്നു. ബാക്കിയുള്ള ഭാഗം താഴ്‌വരയുടെ വെള്ളം പോകുന്ന വഴികൾകൊണ്ട് നിറഞ്ഞു. ഇവിടെ 'അത്' എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് അരുവിയിൽ നിന്നോ മഴ കാരണമോ വെള്ളം വരുമ്പോൾ അതോടൊപ്പം മണ്ണും വരുന്നതിനെയാണ്. അതൊരുമിച്ചുകൂടി നിറഞ്ഞു. ഹിജ്റ ആറാം നൂറ്റാണ്ടിലെ സുപ്രസിദ്ധ മദീന ചരിത്രകാരൻ ഹാഫിള് ഇബ്നു നജ്ജാസ് എഴുതുന്നു: കിടങ്ങിനെപ്പറ്റി പറയുകയാണെങ്കിൽ അത് ഇന്നും ഞങ്ങളുടെ കാലഘട്ടത്തിൽ നിലവിലുണ്ട്. പക്ഷേ, അത് ഇന്ന് ഒരു കാന പോലെ ആയിരിക്കുന്നു. അതിന്റെ മതിൽക്കെട്ടുകൾ ഒരുപാടു സ്ഥലത്ത് ഇടിഞ്ഞുപൊളിഞ്ഞു പോയിട്ടുണ്ട്. ഈത്തപ്പന തൈകൾ മുളച്ചുപൊന്തി വലിയ മരങ്ങളായി അവിടങ്ങളിൽ നിറഞ്ഞിരിക്കുകയാണ്. ഹിജ്റ ഒമ്പതാം നൂറ്റാണ്ടിലെ ഒരു ഗ്രന്ഥകാരൻ എഴുതുന്നു: ഇന്ന് ഈ കിടങ്ങിലെ ഒന്നുംതന്നെ ബാക്കിയായിട്ടില്ല. 600 കൊല്ലം അത് നിലനിന്നിരുന്നു. അദ്ദേഹം പറയുന്നു: ഒൻപതാം നൂറ്റാണ്ടിൽ അതിന്റെ ഒരു അടയാളവും ബാക്കിയായിട്ടില്ല. ബത്ഹാൻ താഴ്‌വരയിലെ ഒരു നദിയുടെ കൈവഴി അതിലൂടെ ഒഴുകുന്നതുമാത്രമാണ് അതിന്റെ സ്ഥാനം മനസ്സിലാക്കിത്തരുന്നത്. അത് ഇന്ന് ആ വഴിയിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്നുണ്ട്.*(ജുസ്തജൂയെ മദീന പേജ് 405, ഓറിയന്റൽ പബ്ലിക്കേഷൻസ് പക്കിസ്താൻ)*

എഴുതിയിരിക്കുന്നു: മദീനയിൽ അക്കാലത്ത് വളരെ ഭയവും പ്രയാസവും നിറഞ്ഞ ദിവസങ്ങളായിരുന്നു. കപടവിശ്വാസികളെന്തെങ്കിലും ഒഴികഴിവു പറഞ്ഞ് അവരവരുടെ കൂടാരങ്ങളിലേക്കും വീടുകളിലേക്കും പോകാൻ തുടങ്ങിയിരുന്നു. പക്ഷേ, സ്വഹാബാക്കളുടെ പൊതുവെയുള്ള ആവേശം കാണേണ്ടതുതന്നെയായിരുന്നു. സ്ത്രീകളും കുട്ടികളും അവരുടെ തോളോടുതോൾചേർന്ന് ധൈര്യം പകരാനും അവരെ സഹായിക്കാനും മുന്നിലുണ്ടായിരുന്നു. നബിﷺതിരുമേനിയുടെ സഹധർമ്മിണിമാരും പ്രയാസത്തിന്റെ ഈ ഘട്ടത്തിൽ ഉറച്ച തീരുമാനത്തോടുകൂടി പുരുഷന്മാരെപ്പോലെ നബിﷺതിരുമേനിയുടെ കൂടെ കാണപ്പെട്ടിരുന്നു. കിടങ്ങ് മദീനയ്ക്ക് പുറത്താണ് കുഴിച്ചിരുന്നത്. നബിﷺതിരുമേനി അധിക സമയവും അവിടെത്തന്നെയുണ്ടായിരുന്നു. മദീനയിലെ സ്ത്രീകളെയും കുട്ടികളെയും മദീനയിൽ വളരെ ശക്തമായ കോട്ടകളിലേക്ക് മാറ്റി പാർപ്പിച്ചിരുന്നു. അതുകൊണ്ട് ചിലപ്പോൾ ഹദ്റത്ത് ആഇശرضی നബിﷺതിരുമേനിയുടെ അടുക്കൽവന്ന് കുറച്ചുദിവസം താമസിക്കുമായിരുന്നു. പിന്നെ ഹദ്റത്ത് ഉമ്മു സൽമرضی കുറച്ചുദിവസം താമസിച്ചിരുന്നു. പിന്നീട് ഹദ്റത്ത് സയ്നബ്رضیകുറച്ചുദിവസം താമസിച്ചിരുന്നു. മറ്റു സഹധർമിണിമാർ ബനൂ ഹാരിഥയുടെ ഉറച്ച കോട്ടയിലാണുണ്ടായിരുന്നത്. ചിലർ പറയുന്നത് സഹധർമ്മിണിമാർ ബനൂ സുറയ്ഖിന്റെ കോട്ടയായ നസ്റിലായിരുന്നുവെന്നാണ്. ചില സഹധർമ്മിണിമാർ ഫാരിഇലായിരുന്നു. ഇങ്ങനെ വ്യത്യസ്ത നിവേദനങ്ങളുണ്ട്. ഫാരിഅ് മദീനയിൽ ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്തിന്റെ കോട്ടയായിരുന്നു. *(സുബുലുൽ ഹുദാ വർറശാദ് വാള്യം 4, പേജ് 367 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1993)(ഫർഹങ്കെ സീറത്ത് പേജ് 223, സവാർ അക്കാഡമി കറാച്ചി)*

കിടങ്ങ് കുഴിക്കുമ്പോൾ ചില ദിവ്യാത്ഭുതങ്ങളുമുണ്ടായി, അതിലൊന്ന് കുഴിക്കുന്ന നേരത്ത് ഒരു വലിയ കരിമ്പാറ എന്തു ചെയ്തിട്ടും പൊട്ടാതിരുന്ന സംഭവമാണ്. നിവേദനങ്ങളിൽ പറയുന്നു: 'കിടങ്ങു കുഴിക്കുന്നതിനിടയിൽ ഒരു കരിമ്പാറ കാണപ്പെട്ടു. സ്വഹാബാക്കൾ വളരെ ശ്രമിച്ചെങ്കിലും അവിടെ കുഴിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. അവസാനം അവർ നബിﷺതിരുമേനിയുടെ സവിധത്തിലെത്തി വിവരം പറഞ്ഞു. അപ്പോൾ നബിﷺതിരുമേനി വ

ലിയ പിക്കാസെടുത്ത് പ്രസ്തുത സ്ഥലത്ത് ആഞ്ഞുവെട്ടിയപ്പോൾ ആ കല്ല് നിറഞ്ഞ സ്ഥലം മണൽ കണക്കെ പൊടിഞ്ഞു പോയി.' *(സീറത്തുൽ ഹൽബിയ്യ വാല്യം 2, പേജ് 420, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത്)*

ഈ സംഭവം രണ്ടാമത്തേതാണ്. ഇവിടെയാണ് രാജാക്കന്മാരെ കുറിച്ചുള്ള വിവരം നല്കപ്പെട്ടിരിക്കുന്നത്. ആദ്യത്തെ സംഭവം വെള്ളം ഒഴിച്ചതിനെ സംബന്ധിച്ചായിരുന്നു. ഇതിൽ ഭാവിയിലെ രാജാക്കന്മാരെ കുറിച്ചുള്ള സുവാർത്തയാണ് നല്കപ്പെട്ടിരിക്കുന്നത്. ഇതു സംബന്ധിച്ച് എഴിതിയിരിക്കുന്നു. മറ്റൊരുഅവസരത്തിലെ കാര്യമാണ്. ഇങ്ങനെ വിവരിക്കപ്പെട്ടിരിക്കുന്നു. ഒരു സന്ദർഭത്തിൽ സൽമാൻ ഫാരിസിയെകൊണ്ട് ഒരു കരിമ്പാറ പൊട്ടുന്നുണ്ടായിരുന്നല്ല. അങ്ങനെ അദ്ദേഹത്തിൽനിന്ന് നബിﷺതിരുമേനി പിക്കാസ് വാങ്ങി. അതിൽ ആഞ്ഞുവെട്ടി. അപ്പോൾ അതിൽനിന്ന് മിന്നൽ പ്രകാശം പോലെ തീപ്പൊരികൾ പാറി. നബിﷺതിരുമേനി ***അല്ലാഹു അക്ബർ*** എന്നു പറഞ്ഞു. കൂടെ നിന്നിരുന്ന സ്വഹാബാക്കളും അല്ലാഹു അക്ബർ എന്ന് പറഞ്ഞു. അപ്പോൾ അതിന്റെ ഒരു ഭാഗം പിളർന്നു. പിന്നീട് നബിﷺതിരുമേനി രണ്ടാമതും അതിൽ ആഞ്ഞുവെട്ടി. അതിൽനിന്ന് വീണ്ടും തീപ്പൊരികൾ പാറി. നബിﷺതിരുമേനി അല്ലാഹു അക്ബർ എന്ന് പറഞ്ഞു. ആ കരിമ്പാറയുടെ കുറച്ചുഭാഗം കൂടി പിളർന്നു. പിന്നീട് നബിﷺതിരുമേനി മൂന്നാമതും അതിൽ ആഞ്ഞുവെട്ടി. ആ കരിമ്പാറയുടെ ബാക്കി ഭാഗവും പൊട്ടിപ്പിളർന്നു. അപ്പോഴും അതിൽനിന്ന് തീപ്പൊരി പാറി. അപ്പോൾ നബിﷺതിരുമേനി വീണ്ടും അല്ലാഹു അക്ബർ എന്ന് പറഞ്ഞു. സ്വഹാബാക്കളും എല്ലാ പ്രാവശ്യവും അല്ലാഹു അക്ബർ എന്ന് പറഞ്ഞുകൊണ്ടിരുന്നു. അടുത്തുനിന്നിരുന്ന ഹദ്റത്ത് സൽമാൻ ഫാരിസിؓചോദിച്ചു: യാ റസൂലല്ലാഹ്! അങ്ങ് പിക്കാസുകൊണ്ട് വെട്ടിയപ്പോൾ ആ കരിമ്പാറയിൽനിന്ന് തീപ്പൊരി വന്നിരുന്നു. അങ്ങ് അല്ലാഹു അക്ബർ എന്ന് പറയുകയും ചെയ്തു. അപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തോടു പറഞ്ഞു: സൽമാനേ!താങ്കളും ആ തീപ്പൊരി കണ്ടോ? അദ്ദേഹം പറഞ്ഞു: കണ്ടു, യാ റസൂലല്ലാഹ്! ഞാനും അത് കാണുകയായിരുന്നു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: ആദ്യത്തെ തവണ മിന്നൽപ്രകാശം പോലെ തീപ്പൊരികൾ പറന്നപ്പോൾ ഹീറയുടെയും കിസ്റയുടെയും കൊട്ടാരങ്ങൾ എനിക്ക് കാണിക്കപ്പെട്ടു. ജിബ്രീൽ എന്നോടു പറഞ്ഞു: അങ്ങയുടെ ഉമ്മത്ത് അവയുടെമേൽ വിജയം വരിക്കുന്നതാണ്. രണ്ടാം വട്ടം മദായനിലെ മിന്നിത്തിളങ്ങുന്ന പേർഷ്യൻകൊട്ടാരങ്ങൾ ഞാൻ കണ്ടു. ആ കൊട്ടാരത്തിന്റെ താക്കോലുകളും എന്റെ കൈയിൽ വെക്കപ്പെട്ടു. മൂന്നാമത്തെ പ്രാവശ്യം പ്രകാശം കണ്ടപ്പോൾ സൻആയുടെ കൊട്ടാരങ്ങൾ എനിക്കു കാണിക്കപ്പെട്ടു. ജിബ്രീൽ ؑപറഞ്ഞു: അങ്ങയുടെ ഉമ്മത്ത് ഇതും പിടിച്ചടക്കുന്നതാണ്. ആയതിനാൽ അങ്ങയ്ക്ക് സുവാർത്തയായിരിക്കട്ടെ! അപ്പോൾ എല്ലാവരും പറഞ്ഞു: അൽഹംദുലില്ലാഹ്. ഇത് സത്യസന്ധമായ വാഗ്ദാനമാകുന്നു. അല്ലാഹു പ്രയാസത്തിനുശേഷം ഞങ്ങളെ സഹായിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. നബിﷺതിരുമേനി പേർഷ്യൻ കൊട്ടാരങ്ങളുടെ അടയാളങ്ങൾ ഹദ്റത്ത് സൽമാൻ ؓനോട് വിവരിക്കാൻ തുടങ്ങി. അപ്പോൾ ഹദ്റത്ത് സൽമാൻ പറഞ്ഞു: സത്യമാണ് പറഞ്ഞത്. ഇതെല്ലാം അടയാളങ്ങളാകുന്നു അതായത് നബിﷺതിരുമേനി ഓരോന്നും പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, ഇതൊക്കെയാണ് അതിന്റെ അടയാളങ്ങളെന്ന് പറയുമ്പോൾ സൽമാൻؓ അതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: അങ്ങ് അല്ലാഹുവിന്റെ ദൂതനാകുന്നുവെന്ന് ഞാൻ സാക്ഷ്യം നൽകുന്നു.

പിന്നീട് നബിﷺതിരുമേനി പറഞ്ഞു: സൽമാനേ! ഈ വിജയങ്ങൾ അല്ലാഹു എനിക്കുശേഷം നിങ്ങൾക്ക് നൽകുന്നതായിരിക്കും. നിങ്ങൾ ശാം ജയിച്ചടക്കുന്നതാണ്. ഹിർഖൽ തന്റെ സാമ്രാജ്യത്തിന്റെ അറ്റം വരെയും ഓടിപ്പോവുകയും ചെയ്യും. നിങ്ങൾ ശാം പിടിച്ചടക്കുന്നതാണ്. നിങ്ങളോട് ആരും വഴക്കിടുകയോ ശണ്ഠ കൂടുകയോ ചെയ്യുന്നതല്ല. ഇത് കിഴക്കൻ ഭാഗത്തുണ്ടാകുന്ന വിജയമാണ്. കിസ്റ കൊല്ലപ്പെടുന്നതുമാണ്. അതിനുശേഷം പിന്നീട് മറ്റൊരു കിസ്റ ഉണ്ടാകുകയില്ല. ഇതിൽ കപടവിശ്വാസികൾ വളരെ പരിഹസിക്കുമായിരുന്നു. പ്രശ്നങ്ങളും പ്രയാസങ്ങളും നിസ്സഹായവസ്ഥയിലും പരിഹസിച്ചുകൊണ്ടിരുന്നു. പക്ഷേ ഭയവും നിസ്സഹായാവസ്ഥയുമായിരുന്നെങ്കിലും ഈ മഹത്തായ പ്രവചനങ്ങൾ പ്രത്യക്ഷത്തിൽ അസാധ്യമാണെന്ന് തോന്നുന്ന ഈ സുവാർത്തകൾ കാരണം വിശ്വാസികളുടെ ഈമാൻ കൂടുതൽ ബലവത്താകുകയാണുണ്ടായത്. ചരിത്രത്തിൽ പറയുന്നു; ബുദ്ധിമുട്ടുകളും നിസ്സഹായവസ്ഥയും ഭയപ്പാടുമെല്ലാമായിരുന്നിട്ടും ഈ മഹത്തായ പ്രവചനങ്ങൾ പ്രത്യക്ഷത്തിൽ അസാധ്യമായിരുന്നുവെങ്കിലും സുവാർത്തകൾ കാരണം വിശ്വാസികളുടെ ഈമാൻ കൂടുതൽ ബലവത്തായി. അവരുടെ പ്രസന്നത കൂടുതൽ പ്രകടമായി. പക്ഷേ, മുനാഫിക്കീങ്ങൾ അതിനെ പരിഹസിച്ചു തുടങ്ങി. മുനാഫിക്കീങ്ങൾ പറഞ്ഞു: മുഹമ്മദ് ﷺ നിങ്ങൾക്ക് ഈ സുവാർത്തകൾ നൽകുന്നു. യഥ്രിബിലിരുന്ന് ഹീറയുടെ കോട്ടയും കിസ്റായുടെ നഗരവും കാണുകയാണ്. നിങ്ങൾ അത് ജയിച്ചടക്കുമെന്നും പറയുന്നു. പക്ഷേ, വാസ്തവത്തിൽ നിങ്ങളിവിടെ സ്വന്തം നിലനിൽപ്പിനു വേണ്ടി കിടങ്ങു കുഴിച്ചു കൊണ്ടിരിക്കുന്നതാണ് കാണുന്നത്. നിങ്ങൾക്കിവിടെനിന്ന് പുറത്തു പോകാൻപോലും കഴിയുന്നില്ല. നിങ്ങൾക്ക് ഇവിടെനിന്ന് പ്രാഥമികാവശ്യങ്ങൾക്കുപോലും പോകാൻ സാധിക്കുന്നില്ല. ആ സമയത്തുള്ള മുനാഫിഖീങ്ങളുടെ അവസ്ഥയെ സംബന്ധിച്ച് അല്ലാഹു ഈ ആയത്തിൽ പറയുന്നു:

**വ ഇദ് യഖൂലുൽ മുനാഫിഖൂന വല്ലദീന ഫീ ഖുലൂബിഹിംമ്മർളുൻമ്മാ വഅദനല്ലാഹു വ റസൂലുഹു ഇല്ല ഗുറൂറാ**(33:13)

ഹൃദയങ്ങളിൽ രോഗമുണ്ടായിരുന്ന ആളുകൾ, മുനാഫിഖീങ്ങൾ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹുവും അവന്റെ റസൂലും വഞ്ചനയുടെ വാഗ്ദാനമല്ലാതെ നൽകുന്നില്ല. പക്ഷേ, പിന്നീട് കണ്ടത് ഏതാനും വർഷങ്ങൾക്കകംതന്നെ ഹദ്റത്ത് അബൂബക്റിന്റെയും ഹദ്റത്ത് ഉമറിന്റെയും(റ.മാ) ഖിലാഫത്ത് കാലഘട്ടത്തിൽ ഈ എല്ലാ പട്ടണങ്ങളും കൊട്ടാരങ്ങളും ജയിച്ചടക്കിയതാണ്. ഈ നിസ്സഹായരും പട്ടിണിപ്പാവങ്ങളുമായിരുന്ന വിശ്വാസികൾ ഈ കോട്ടക്കൊത്തളങ്ങളുടെ അവകാശികളായി തീർന്നു. ഹദ്റത്ത് സൽമാൻ ഫാരിസിؓപറയുന്നു: 'ഈ എല്ലാ വിജയങ്ങളും ഞാൻ നേരിൽ കണ്ടതാണ്.' *(അൽഇക്തിഫാ, വാല്യം 1,പേജ് 422)(സുബുലുൽ ഹുദാ വർറശാദ് വാല്യം 4, പേജ് 388, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)*

കല്ല് പൊട്ടിച്ചതും അത്ഭുതങ്ങൾ വെളിപ്പെട്ടതുമായ സംഭവത്തെ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്ؓതന്റെ സ്വതസിദ്ധമായ ശൈലിയിൽ വിവരിച്ചിട്ടുണ്ട്. അതിപ്രകാരമാകുന്നു, ദാരിദ്ര്യത്തിന്റെയും പ്രയാസത്തിന്റെയും അവസരത്തിൽ കിടങ്ങ് കുഴിച്ചുകുഴിച്ച് ഒരു ഭാഗത്ത് ഒരു പാറ പ്രത്യക്ഷപ്പെട്ടു. അത് ആരെക്കൊണ്ടും പൊട്ടിക്കാൻ കഴിയുന്നില്ലായിരുന്നു. സ്വഹാബാക്കൾ മൂന്നു ദിവസം തുടർച്ചയായി പട്ടിണി കാരണം വളരെ പ്രയാസത്തിലുമായിരുന്നു. അവസാനം നിർബന്ധിതാവസ്ഥയിൽ നബിﷺതിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു: 'ഒരു പാറയുണ്ട്. അത് പൊട്ടുന്നില്ല.' ആ സമയത്ത് നബിﷺതിരുമേനി വിശപ്പുകൊണ്ട് വയറ്റിൽ കല്ല് കെട്ടി വെച്ചിരുന്നു. പക്ഷേ, നബിﷺതിരുമേനി ഉടൻ തന്നെ അവിടെ പോയി. ഒരു പിക്കാസെടുത്തു. പിന്നെ അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് ആ പാറയിൽ ആഞ്ഞുവെട്ടി. ലോഹം കല്ലിൽ ഉരസിയപ്പോൾ പാറയിൽനിന്ന് തീപ്പൊരി പാറി. അപ്പോൾ നബിﷺതിരുമേനി ഉറക്കെ അല്ലാഹു അക്ബർ എന്ന് പറഞ്ഞു. എന്നിട്ട്

**• ഹദീഥുന്നബവി(സ) •**

'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'(ബു. 11:3)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബവി(സ) •**

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

പറഞ്ഞു: എനിക്ക് ശാമിന്റെ താക്കോലുകൾ നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവാണെ സത്യം! ഈ സമയത്ത് ശാമിലെ ചെമന്ന കൊട്ടാരങ്ങൾ എന്റെ കണ്ണിന്റെ മുന്നിലുണ്ട്. അങ്ങനെ ആ ആഘാതത്തിൽ പ്രസ്തുത പാറ കുറച്ചുപൊട്ടിപ്പിളർന്നു. രണ്ടാം തവണയും നബിﷺതിരുമേനി അല്ലാഹുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് പിക്കാസുകൊണ്ട് ആഞ്ഞുവെട്ടി. അപ്പോഴും തീപ്പൊരി പാറി. നബിﷺതിരുമേനി അല്ലാഹു അക്ബർ എന്ന് ഉച്ചരിച്ചുകൊണ്ട് പറഞ്ഞു: ഇത്തവണ എനിക്ക് പേർഷ്യയുടെ താക്കോലുകൾ നൽകപ്പെട്ടു. മദായിനിലെ വെള്ള കൊട്ടാരങ്ങൾ എനിക്ക് കാണിക്കപ്പെട്ടു. വീണ്ടും പാറ അല്പംകൂടി കൂടുതൽ പൊട്ടി. മൂന്നാം തവണയും നബിﷺതിരുമേനി പിക്കാസുകൊണ്ട് ആഞ്ഞുവെട്ടി അങ്ങനെ വീണ്ടും തീപ്പൊരി പാറി. നബിﷺതിരുമേനി വീണ്ടും അല്ലാഹു അക്ബർ എന്ന് ഉച്ചരിച്ചുകൊണ്ട് പറഞ്ഞു: എനിക്ക് യമനിലെ താക്കോലുകൾ നൽകപ്പെട്ടിരിക്കുന്നു. അല്ലാഹുവാണെ സത്യം സ്വൻആന്റെ കൊട്ടാരങ്ങൾ ഞാൻ ഈ സമയത്ത് കാണുന്നു. ഇത്തവണ പ്രസ്തുത പാറ പൂർണമായും അതിന്റെ സ്ഥാനത്തുനിന്ന് പൊട്ടിച്ചിതറിയിരുന്നു.

ഒരു നിവേദനത്തിൽ പറയുന്നു നബിﷺതിരുമേനി എല്ലാ സന്ദർഭത്തിലും ഉച്ചത്തിൽ അല്ലാഹു അക്ബർ എന്ന് പറയുകയും പിന്നെ സ്വഹാബാക്കൾ ചോദിച്ചപ്പോൾ ഈ ജാഗ്രദർശനങ്ങൾ വിവരിക്കുകയും ചെയ്തു. മുസ്‌ലിമീങ്ങൾ ഈ താൽക്കാലിക തടസ്സം നീങ്ങി കിട്ടിയപ്പോൾ വീണ്ടും തങ്ങളുടെ ജോലികളിൽ വ്യാപൃതരായി. നബിﷺതിരുമേനിയുടെ ഈ കാഴ്ചകൾ ജാഗ്ര ദർശനവുമായി ബന്ധപ്പെട്ടതാണ്. അതായത് ആ പ്രയാസ ഘട്ടത്തിലും അല്ലാഹു മുസ്‌ലിമീങ്ങളുടെ ഭാവി വിജയങ്ങളെ സംബന്ധിച്ചും വിശാലതയെ സംബന്ധിച്ചുമുള്ള കാഴ്ചകൾ വ്യക്തമാക്കിക്കൊണ്ട് സ്വഹാബാക്കളിൽ പ്രതീക്ഷയുടെ ആത്മാവ് ഉണ്ടാക്കി. പക്ഷേ, പ്രത്യക്ഷത്തിൽ ആ സമയത്തുള്ള അവസ്ഥകൾ കാരണം മദീനയിലെ മുനാഫിഖീങ്ങൾ ഈ വാഗ്ദാനങ്ങൾ കേട്ടപ്പോൾ മുസ്‌ലിമീങ്ങളെ പരിഹസിച്ചുകൊണ്ട് പറഞ്ഞു: വീട്ടിൽനിന്ന് പുറത്തിറങ്ങാൻ പ്രയാസപ്പെടുന്നവർ ഖയ്സറിന്റെയും കിസ്രായുടെയും സാമ്രാജ്യങ്ങൾ സ്വപ്നം കാണുകയാണ്! പക്ഷേ, അല്ലാഹുവിന്റെ വീക്ഷണത്തിൽ ഈ എല്ലാ അനുഗ്രഹങ്ങളും മുസ്‌ലിമീങ്ങൾക്ക് വിധിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ടായിരുന്നു. അങ്ങനെ ഈ വാഗ്ദാനങ്ങൾ അതിന്റെ സമയത്ത് അതായത് നബിﷺതിരുമേനിയുടെ അവസാന ദിവസങ്ങളിലും പിന്നെ ഖലീഫമാരുടെ കാലഘട്ടങ്ങളിലും പൂർത്തിയാകുകയും മുസ്‌ലിമീങ്ങളുടെ വിശ്വാസ വർധനയ്ക്കും സംതൃപ്തിക്കും കാരണമായിത്തീരുകയും ചെയ്തു.' *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്ؓഎം.എ. പേജ് 577-578)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഇതു സംബന്ധമായി പറയുന്നു:'കുഴിവെട്ട് തകൃതിയായി നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു കരിങ്കൽപ്പാറ കെണിഞ്ഞു. അവരത് ആഞ്ഞാഞ്ഞു വെട്ടിക്കൊണ്ടിരുന്നു. അത് കൊത്തിപ്പിളർക്കുക അവർക്ക് തീരെ അസാധ്യമായി തോന്നി. വിവരം നബിﷺതിരുമേനിയെ അറിയിച്ചു. അവിടന്ന് ഉടൻതന്നെ സംഭവസ്ഥലത്തെത്തിച്ചേർന്നു. ഇരുമ്പ് പിക്കാസ് കൈയിലെടുത്ത് നബിﷺതിരുമേനി ആ കരിങ്കൽപ്പാറയിൽ ആഞ്ഞുവെട്ടി. വെട്ടിന്നിടയിൽ തീപ്പൊരികൾ പാറി. നബിﷺതിരുമേനി ഉച്ചത്തിൽ 'അല്ലാഹു അക്ബർ' എന്നു വിളിച്ചു പറഞ്ഞു. വീണ്ടും വെട്ടിയപ്പോൾ പിന്നെയും തീപ്പൊരികൾ പറന്നു. നബിﷺതിരുമേനി അപ്പോഴും ഉച്ചത്തിൽ 'അല്ലാഹു അക്ബർ' എന്നു കീർത്തനം മുഴക്കി. മൂന്നാം തവണയും അവിടെ ഒളിചിതറി. നബിﷺതിരുമേനി ഒരിക്കൽകൂടി അല്ലാഹു അക്ബർ എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. അതോടെ പാറ പിളരുകയും ചെയ്തു.

എന്താണ് സംഭവിച്ചതെന്ന് തിരുസഹാക്കൾ തിരക്കി. തീപ്പൊരികൾ പറന്നപ്പോൾ നബിﷺതിരുമേനി അല്ലാഹു അക്ബർ എന്നു ഉച്ചത്തിൽ ഓരോ തവണയും വിളിച്ചു പറഞ്ഞത് എന്തിനായിരുന്നു? നബിﷺതിരുമേനി ഇപ്രകാരം മറുപടി നല്കി:

ഞാനീ കരിമ്പാറ മൂന്നുതവണ ഈ പിക്കാസുകൊണ്ട് ആഞ്ഞുവെട്ടി. മൂന്നു തവണയും ഇസ്‌ലാമിന്റെ ഭാവി വിജയങ്ങളുടെ ഓരോ ദൃശ്യം അല്ലാഹു എനിക്ക് വെളിപ്പെടുത്തിത്തരികയുണ്ടായി. ആദ്യത്തെ തവണ തീപ്പൊരികൾ പറന്നപ്പോൾ റോമാസാമ്രാജ്യത്തിന്റെ സിറിയൻ അരമനകൾ ഞാൻ കണ്ടു. ആ അരമനയുടെ താക്കോലുകൾ എന്റെ കൈയിൽ വെക്കപ്പെട്ടു. രണ്ടാം വട്ടം മദായനിലെ മിന്നിത്തിളങ്ങുന്ന പേർഷ്യൻ കൊട്ടാരങ്ങൾ ഞാൻ കണ്ടു. ആ കൊട്ടാരത്തിന്റെ താക്കോലും എന്റെ കൈയിൽ വെക്കപ്പെട്ടു. മൂന്നാം പ്രാവശ്യം ഞാൻ കണ്ടത് സ്വൻആയുടെ കൊട്ടാരങ്ങളാണ്. യമൻ സാമ്രാജ്യത്തിന്റെ താക്കോലുകൾ എന്റെ കൈയിൽ വെക്കപ്പെട്ടതായും ഞാൻ കണ്ടു. ഇതു ദൈവത്തിന്റെ വാഗ്ദാനങ്ങളത്രെ! നിങ്ങൾ ഈ വാഗ്ദാനങ്ങളിൽ വിശ്വാസം കൊള്ളുമെന്ന് എനിക്കുറപ്പുണ്ട്. ശത്രുക്കൾക്ക് നിങ്ങളെ ഒന്നും ചെയ്യാനാവില്ല.'*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 269)*

ഈ ദിവ്യാത്ഭുതങ്ങളിലൊന്ന് ഭക്ഷണത്തെ കുറിച്ചുള്ളതാണ്. ഭക്ഷണത്തെ കുറിച്ചുള്ള വേറെയും ദിവ്യദൃഷ്ടാന്തങ്ങളുണ്ട്.

ഒരിക്കൽ ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്ؓഭക്ഷണം തയ്യാറാക്കി. അതിൽ അനുഗ്രഹമുണ്ടായതിനെക്കുറിച്ചുള്ള സംഭവം ഇങ്ങനെയാണ്. ആ ദിവസങ്ങളിലൊരു ദിവസം വിശപ്പുകാരണം നബിﷺതിരുമേനി തന്റെ വയറ്റിൽ കല്ല് കെട്ടിവെച്ചിരിക്കുന്നതായി ഹദ്റത്ത് ജാബിർؓകാണാനിടയായി. സ്വഹാബാക്കൾ മൂന്നുദിവസമായി അവിടെത്തന്നെയാണ്. ഭക്ഷണപദാർഥമൊന്നും രുചിക്കുകപോലും ചെയ്തിട്ടില്ല. മൂന്നുദിവസമായി ഒന്നും കഴിച്ചിട്ടില്ല. ജാബിർؓപറയുന്നു; ഞാൻ നബിﷺതിരുമേനി യോടു വീട്ടിൽ പോകാൻ അനുവാദം ചോദിച്ചു. നബിﷺതിരുമേനി എനിക്ക് അനുമതി നൽകുകയും ചെയ്തു. ഞാൻ വീട്ടിൽപോയി ഭാര്യയോടു പറഞ്ഞു: 'ഞാൻ നബിﷺതിരുമേനിയെ വളരെയേറെ വിശന്ന അവസ്ഥയിൽ കണ്ടിരിക്കുന്നു. അതു കണ്ടപ്പോൾ എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. വീട്ടിലെന്തെങ്കിലുമുണ്ടോ?'

അവർ പറഞ്ഞു: 'ഒരു സ്വാഅ് അതായത് രണ്ടര കിലോയിൽ കുറവ് ബാർലിഅരിയും ഒരു ആട്ടിൻകുട്ടിയുമുണ്ട്.' ഭാര്യ ഒരു പാത്രത്തിൽ ഒരു സ്വാഅ് ബാർലിയെടുത്തു. പറയുന്നു:ഞാൻ ആട്ടിൻകുട്ടിയെ അറുത്തു. ഭാര്യ ബാർലി പൊടിക്കുകയും ചെയ്തു. ഞാൻ മാംസം പാത്രത്തിലിട്ടു. ഭാര്യ എന്നോടു പറഞ്ഞു, ഭക്ഷണം കുറവാണ്, അതുകൊണ്ട് ഇക്കാര്യം വളരെ രഹസ്യമായി നബിﷺതിരുമേനിയോടു പോയി പറയണം. അല്ലാതെ നബിﷺതിരുമേനിയുടെയും സ്വഹാബാക്കളുടെയും മുന്നിൽ എന്നെ നാണം കെടുത്തരുത്. അതായത് കൂടുതലാളുകൾ വരാൻപാടില്ല. പറയുന്നു: ഞാൻ നബിﷺതിരുമേനിയുടെ സവിധത്തിലെത്തി, വളരെ രഹസ്യമായി പറഞ്ഞു; യാ റസൂലല്ലാഹ്! ഞങ്ങളുടെ പക്കൽ കുറച്ച് ഭക്ഷണമുണ്ട്. അങ്ങയോടൊപ്പം ഒന്നോ രണ്ടോ പേർ വരാവുന്നതാണ്. അപ്പോൾ നബിﷺതിരുമേനി തന്റെ വിരലുകൾ എന്റെ വിരലുകൾക്കിടയിലിട്ടു കൊണ്ട് ചോദിച്ചു: എത്രയുണ്ടാകും? ഇത്രയുണ്ടെന്ന് ഞാൻ പറഞ്ഞു. അപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'വളരെയധികമുണ്ടല്ലോ! നല്ലത്.'

ഞാൻ വരുന്നതുവരെ പാത്രം അടുപ്പിൽ നിന്ന് ഇറക്കരുതെന്നും റൊട്ടിയുണ്ടാക്കാൻ തുടങ്ങരുതെന്നും നിങ്ങൾ വീട്ടിൽപോയി ഭാര്യയോടു പറയുക. നബിﷺതിരുമേനി വിളിച്ചു പറഞ്ഞു: 'അല്ലയോ ഖൻദഖുകാരേ! ജാബിർ നിങ്ങൾക്കുവേണ്ടി ഭക്ഷണം തയ്യാറാക്കിയിട്ടുണ്ട്.'

നബിﷺതിരുമേനി എല്ലാവർക്കും മുന്നിൽ നടന്നു. എനിക്ക് ഒരുപാടു ലജ്ജ തോന്നി.

• ഹദീഥുന്നബ്‌വി(സ) •

'എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.'
(ബു.30:27)

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

• ഹദീഥുന്നബ്‌വി(സ) •

'ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ സ്വീകരിക്കപ്പെടുന്നതല്ല.' (മിശ്ക്കാത്ത് 3:1)

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

അതേക്കുറിച്ച് അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ. ഞാൻ മനസ്സിൽ പറഞ്ഞു, ഒരുപാടാളുകൾ വരുന്നുണ്ടല്ലോ! ഒരു സ്വാഅ് ബാർലിയും ഒരു ആട്ടിൻകുട്ടിയും! ഇത്രയും ആളുകൾ വരുന്നുമുണ്ട്. അല്ലാഹുവാണെ സത്യം! ഞാൻ നാണം കെടുന്നതാണ്. ഞാൻ വീട്ടിൽ ഭാര്യയുടെ അടുത്തെത്തി എല്ലാ കാര്യങ്ങളും വിവരിച്ചു. നബിﷺതിരുമേനി മുഹാജിർ, അൻസ്വാർ ആളുകളെയും കൂട്ടിയാണ് വരുന്നത്. ഭാര്യ പറഞ്ഞു: നിങ്ങൾക്കു നല്ലതു വരട്ടെ, ഞാൻ നിങ്ങളോടു പറഞ്ഞിരുന്നതാണ്, രഹസ്യമായി പോയി പറയണമെന്ന്. ഭർത്താവ് ഭാര്യയോടു പറഞ്ഞു, 'നീ പറഞ്ഞതുപോലെ തന്നെയാണ് ഞാൻ ചെയ്തത്.' മറ്റുള്ളവരെ നിങ്ങളാണോ ക്ഷണിച്ചത് അതല്ല നബിﷺതിരുമേനിയോ? അദ്ദേഹം പറഞ്ഞു: നബിﷺതിരുമേനിയാണ് ക്ഷണിച്ചത്. അപ്പോൾ വിശ്വാസവും ആത്മാർഥതയുമുള്ള ഭാര്യ പറഞ്ഞു: 'എങ്കിൽപ്പിന്നെ ആശങ്കപ്പെടാൻ ഒന്നുമില്ല. അല്ലാഹുവിനും റസൂലിനും നന്നായിട്ടറിയാം. ഇനി വേവലാതിപ്പെടേണ്ട കാര്യമില്ല.'

ഇതായിരുന്നു ആ സ്ത്രീയുടെ വിശ്വാസം. അവർ വിശ്വാസത്തിലും ആത്മാർഥതയിലും ആ സമയത്ത് തന്റെ ഭർത്താവിനെക്കാളും മുൻപന്തിയിലായിരുന്നു. ഹദ്റത്ത് ജാബിർؓപറയുന്നു: തുടർന്ന് നബിﷺതിരുമേനി ഞങ്ങളുടെ വീട്ടിൽ പ്രവേശിച്ചു. എന്നിട്ട് പറഞ്ഞു: നിങ്ങൾ പതുപത്തുപേർ വീതം കടന്നു വരിക. അതായത് വന്ന ആളുകളെ മുഴുവനും പത്ത് പേരടങ്ങുന്ന ഗ്രൂപ്പുകളായി തിരിച്ചു. ജാബിറിന്റെ ഭാര്യ മാവെടുത്തു. നബിﷺതിരുമേനി അതിൽ തന്റെ ഉമിനീര് തൊട്ടു. പിന്നെ അനുഗ്രഹത്തിനു വേണ്ടി ദുആ ചെയ്തു. തുടർന്ന് ഞങ്ങളുടെ പാകം ചെയ്യുന്ന പാത്രത്തിൽ ഉമിനീരാക്കി, അനുഗ്രഹത്തിനു വേണ്ടി ദുആ ചെയ്തു. തുടർന്ന് ഞങ്ങളോടു റൊട്ടി ഉണ്ടാക്കാനും കറിയൊഴിക്കാനും പറഞ്ഞു. പിന്നെ ഭക്ഷണത്തിന്റെ പാത്രം അടച്ചു വെക്കുക. റൊട്ടി തന്തൂറിൽ നിന്നെടുക്കുക. റൊട്ടികൾ അടച്ചുവെക്കുകയും ചെയ്യുക. ഞങ്ങളങ്ങനെ തന്നെ ചെയ്തു. ഞങ്ങൾ കറിയെടുക്കുകയും നബിﷺതിരുമേനി അത് മൂടിവയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. പിന്നെ അത് തുറന്നു നോക്കിയപ്പോൾ അതിലൊന്നുംതന്നെ കുറവ് വന്നിട്ടുണ്ടായിരുന്നില്ല. റൊട്ടി പുറത്തെടുത്തു വീണ്ടും അത് അടച്ചു വെച്ചിരുന്നു. അതിലും ഒരു കുറവും വന്നിരുന്നില്ല. നബിﷺതിരുമേനി റൊട്ടി മുറിക്കുകയും അതിൽ ഇറച്ചിക്കഷണം ഇടുകയും ചെയ്തിട്ട് തന്റെ സഹാബാക്കൾക്ക് അരികിൽ കൊണ്ടുപോയി പറഞ്ഞു: 'തിന്നുകൊള്ളുവിൻ.'

ഒരു സംഘം വിശപ്പടക്കി പുറത്തു പോകുമ്പോൾ മറ്റൊരു സംഘത്തെ വിളിക്കുമായിരുന്നു. അങ്ങനെ ആയിരക്കണക്കിനാളുകൾ ആ ഭക്ഷണം കഴിച്ചു. എല്ലാവരും പോവുകയും ചെയ്തു. ഞങ്ങളുടെ പാത്രം ആദ്യത്തേതുപോലെ തന്നെ തിളച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ മാവും അതേപോലെതന്നെ ഇരിക്കുന്നുണ്ടായിരുന്നു. നബിﷺതിരുമേനി പറഞ്ഞു: നിങ്ങൾ ഭക്ഷണം കഴിക്കുവിൻ, മറ്റുള്ളവർക്കും കൊടുക്കുവിൻ. കാരണം ആളുകൾ വളരെയേറെ വിശന്നിട്ടാണുള്ളത്.

ഈ സംഭവം ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്ؓഎഴുതിയിട്ടുണ്ട്. അദ്ദേഹം അത് ഇങ്ങനെ വിവരിക്കുന്നു: ഒരു ആത്മാർഥനായ സ്വഹാബി ജാബിർ ബിൻ അബ്ദുല്ലؓയുടെ മുഖത്ത് പട്ടിണി കാരണം ക്ഷീണവും അസ്വസ്ഥതയും കണ്ടപ്പോൾ നബിﷺതിരുമേനി അദ്ദേഹത്തിന് വീട്ടിൽ പോകാൻ അനുമതി നൽകി. അദ്ദേഹം വീട്ടിലെത്തി ഭാര്യയോട് പറഞ്ഞു: നബിﷺതിരുമേനിക്ക് വിശപ്പിന്റെ കാഠിന്യം കൊണ്ട് വളരെ പ്രയാസമുള്ളതായി തോന്നുന്നു. നിന്റെയടുത്ത വല്ല ഭക്ഷണവുമുണ്ടോ? അവർ പറഞ്ഞു: കുറച്ചു ബാർലിമാവും ഒരു ആട്ടിൻകുട്ടിയുമുണ്ട്. ജാബിർؓ പറയുന്നു: ഞാൻ ആട്ടിൻകുട്ടിയെ അറുത്തു, മാവ് കുഴയ്ക്കുകയും ചെയ്തു. പിന്നെ ഭാര്യയോട് ഭക്ഷണം തയ്യാറാക്കാൻ പറഞ്ഞു. ഞാൻ നബിﷺതിരുമേനിയുടെ സവിധത്തിലെത്തി വരാൻ പറയാം. എന്റെ ഭാര്യ പറഞ്ഞു: എന്നെ നിങ്ങൾ നാണം കെടുത്തരുത്. ഭക്ഷണം വളരെ കുറച്ചേയുള്ളൂ. നബിﷺതിരുമേനിയോടൊപ്പം കൂടുതൽ ആളുകളെ കൊണ്ടുവരരുത്. ജാബിർؓപറയുന്നു: ഞാൻ പോയി വളരെ പതുക്കെ നബിﷺതിരുമേനിയോടു പറഞ്ഞു: 'യാ റസൂലല്ലാഹ് എന്റെയടുത്ത് കുറച്ച് ഇറച്ചിയും ജൗവിന്റെ മാവുമുണ്ട്. അത് പാകം ചെയ്യാൻ ഞാൻ ഭാര്യയോട് പറഞ്ഞിട്ടാണ് വന്നിരിക്കുന്നത്. അങ്ങ് ഏതാനും സഹാബാക്കളെയും കൂട്ടി വന്ന് ഭക്ഷണം കഴിച്ചാലും.' നബിﷺതിരുമേനി ചോദിച്ചു, എത്ര ഭക്ഷണമുണ്ട്? ഞാൻ പറഞ്ഞു:ഇത്ര മാത്രമേ ഉള്ളൂ. നബിﷺതിരുമേനി പറഞ്ഞു: വളരെയധികമുണ്ടല്ലോ! തുടർന്ന് നബിﷺതിരുമേനി തന്റെ ചുറ്റുപാടും കണ്ണോടിച്ചു. പന്നീട് ഉറക്കെ വിളിച്ചുപറഞ്ഞു: അൻസ്വാറിന്റേയും മുഹാജിറിന്റേയും സംഘമേ! വരുവിൻ, ജാബിർ നമുക്ക് ഭക്ഷണം ഒരുക്കിയിട്ടുണ്ട്. നമുക്കുപോയി കഴിച്ചിട്ടു വരാം. ആ ശബ്ദം കേട്ടപ്പോൾ വിശന്ന് വലഞ്ഞിരുന്ന ആയിരം സ്വഹാബാക്കൾ നബിﷺതിരുമേനിയോടൊപ്പം വന്നു. നബിﷺതിരുമേനി ജാബിർനോട് പറഞ്ഞു: നിങ്ങൾ വേഗം പോവുക. എന്നിട്ട് ഭാര്യയോടു പറയുക, ഞാൻ വരുന്നതുവരെ പാത്രം അടുപ്പിൽനിന്ന് ഇറക്കുകയോ റൊട്ടി ചുട്ടു തുടങ്ങുകയോ ചെയ്യരുതെന്ന്! ജാബിർؓവേഗം പോയി തന്റെ ഭാര്യയ്ക്ക് അറിയിപ്പ് കൊടുത്തു. അവർ വളരെയധികം പരിഭ്രമിച്ചു. ഭക്ഷണം ഏതാനും ആളുകൾക്കു മാത്രമേ ഉണ്ടാകുമായിരുന്നുള്ളൂ. ഇത്രയധികം ആളുകൾ വരുന്നു. ഇനി എന്ത് ചെയ്യും? പക്ഷേ, നബിﷺതിരുമേനി അവിടെയെത്തിയതും വളരെ സമാധാനത്തോടുകൂടി കറിയുടെ പാത്രത്തിലും മാവ് വെച്ച പാത്രത്തിലും ദുആ ചെയ്തു. എന്നിട്ട് പറഞ്ഞു: ഇനി റൊട്ടി ഉണ്ടാക്കിത്തുടങ്ങുക. അതിനുശേഷം സാവധാനത്തിൽ ഭക്ഷണം വിതരണം ചെയ്യാൻ തുടങ്ങി. ജാബിർؓനിവേദനം. അദ്ദേഹം പറഞ്ഞു:'എന്റെ ജീവൻ ആരുടെ നിയന്ത്രണത്തിലാണോ അവനാണെ സത്യം!ആ ഭക്ഷണത്തിൽനിന്ന് എല്ലാവരും വയറു നിറയെ കഴിച്ചു. എന്നിട്ടും ഞങ്ങളുടെ കറിയുടെ പാത്രം അതേപോലെ തിളച്ച് കൊണ്ടിരുന്നു. റൊട്ടി ചുട്ടു കൊണ്ടിരിക്കുകയും ചെയ്തു.'

അഹ്സാബ് യുദ്ധസംബന്ധമായി ബാക്കി കാര്യങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്. ദുആയിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ വളരെയേറെ ശ്രദ്ധ വേണം. അല്ലാഹു നമ്മുടെ വിശ്വാസങ്ങളെ സുദൃഢമാക്കുമാറാകട്ടെ. എല്ലാ സ്ഥലത്തും എല്ലാ രാജ്യത്തും നിവസിക്കുന്ന അഹ്മദികളെയും ബംഗ്ലാദേശിലും പാക്കിസ്താനിലും മറ്റു സ്ഥലങ്ങളിലുള്ളവരെയും എല്ലാ ശർറിൽനിന്നും രക്ഷിക്കുമാറാകട്ടെ. ലോകം അകപ്പെട്ടുകൊണ്ടിരിക്കുന്ന തീയിൽനിന്ന്, അതിലേക്ക് അവർ വളരെ വേഗത്തിൽ പോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് ലോകത്തെ രക്ഷിക്കുമാറാകട്ടെ. അല്ലാഹു കരുണ ചൊരിയട്ടെ. അല്ലാഹു എല്ലാ കഴിവുകളുടെയും ഉടമസ്ഥനാകുന്നു. ജനങ്ങൾ ഇപ്പോൾ തങ്ങളുടെ മാറ്റത്തിനുവേണ്ടി ശ്രമിക്കുകയാണെങ്കിലും അല്ലാഹു അവരെ പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടുത്തുന്നതാണ്. അവർക്ക് ബുദ്ധിയും വിവേകവും അല്ലാഹു നൽകുമാറാകട്ടെ. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

പേജ് 1ൽ നിന്ന്

ബുദ്ധിമുട്ടും ഇല്ലാതിരുന്നിട്ടും ഒരു സുജൂദ് ചെയ്യുക എന്നത് ഭാരമായി തോന്നുന്നു. ചിന്തിക്കുക. എവിടെ തല! എവിടെ വെറുമൊരു സുജൂദ്! ഇതിൽനിന്ന് ഈമാനികശക്തി ഇന്ന് എത്രത്തോളം അധോഗതിയുടെ അവസ്ഥയിലാണെന്ന് വ്യക്തമായും മനസ്സിലാകുന്നു. (മൽഫൂദാത്ത് വാല്യം 2, പേജ് 40, 2018 ഖാദിയാൻ പതിപ്പ്)

## • അല്ലാഹുവിന്റെ കലാം •

"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"
(വിശുദ്ധ ഖുർആൻ 54:18)

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

## • ഹദീഥുന്നബ്വി(സ) •

'ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.'
(മുസ്‌ലിം. മിശ്ക്കത്ത് 3)

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസിന്റെ യൂറോപ്യൻ പര്യടനം

വിവർത്തനം: മൗലവി സഫർ അഹ്മദ് കോഴിക്കോട്

വാല്യം 9 ലക്കം 39 പേജ് 11, കോളം 1–ൽനിന്ന് തുടർച്ച..........

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: എല്ലാ തലത്തിലും എല്ലാ സ്ഥലത്തും നമുക്കിതിനെ പിന്താങ്ങേണ്ട ആവശ്യമുണ്ട്. ഇത് നമ്മുടെ പ്രോഗ്രാമാണ്. അതു കാണുന്നതിന് ഇന്ന ഇന്ന മാർഗങ്ങളുണ്ട്. ഇക്കാര്യം നമ്മൾ ഉത്തമീകരിക്കുകയും ഇന്നതുപേക്ഷിക്കുകയും ചെയ്യണമെന്നു പറഞ്ഞാൽ അത് ശരിയല്ല. ഏതു ചാനലായാലും സ്ട്രീമിംഗ് യൂട്യൂബായാലും അല്ലെങ്കിൽ മറ്റേതു കാര്യമായാലും അതിനെ നമ്മൾ മാക്സിമം ഉത്തമീകരിക്കേണ്ടതാണ്. അത് കൂടുതൽ ആളുകളിലെത്തിക്കുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:ഇവിടെ എങ്ങനെയാണെന്ന് എനിക്കറിയില്ല. എന്നാൽ, യു.കെ.ഉൾപ്പെടെയുള്ള ചില രാജ്യങ്ങളിലും ചില ഫ്ളാറ്റുകളിലും അയൽവാസിയുടെ അനുവാദമില്ലാതെ ഡിഷ് വെക്കാൻ പാടില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ ആളുകൾ ഇന്റർനെറ്റിൽ കാണുന്ന എല്ലാ കാര്യവും ഇതിനുവേണ്ടിയാണ് തുടങ്ങിയത്. അതായത് എങ്ങനെയെങ്കിലും ജനങ്ങളിൽ ഇക്കാര്യം എത്തട്ടെ! ഇതിനുവേണ്ടി താങ്കൾ മാക്സിമം ശ്രമിക്കേണ്ടതാണ്.

ബർലിനുമായി ബന്ധമുള്ള ഒരു യുവാവ് ഹുദൂറിനോടു ഇപ്രകാരം പറഞ്ഞു:ബർലിനിൽ സ്ഥിരമായ അടിത്തറയോടുകൂടി നമ്മുടെ പരിപാടികൾ റെക്കോർഡ് ചെയ്യാൻ വേണ്ടി ദീർഘകാലമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി ദുആയ്ക്ക് അപേക്ഷിക്കുകയാണ്. അല്ലാഹു തൗഫീഖ് നൽകട്ടെയെന്ന് ഹുദൂർ പറഞ്ഞു.

എം.ടി.എ യുടെ ആളുകൾ പണ്ഡിതന്മാരുമായി പബ്ലിക് സ്ഥലത്തുവെച്ച് ചോദ്യോത്തരം സംഘടിപ്പിക്കണമെന്ന അഭിപ്രായം ഒരു യുവാവ് പറഞ്ഞു. അതിനുമുമ്പേ ഇന്ന സ്ഥലത്ത് പ്രോഗ്രാം ഉണ്ടായിരിക്കുമെന്ന് പബ്ലിസിറ്റി കൊടുക്കണമെന്ന ഒരു അഭിപ്രായവും പറയുകയുണ്ടായി. ഹുദൂർ പറഞ്ഞു:യഥാർഥത്തിൽ ഇവിടെ ജർമൻകാർക്ക് തങ്ങളുടേതായ ഒരു പ്രകൃതമുണ്ട്. അവർ ആഗ്രഹിക്കുന്നത് ഇവിടെയുള്ള നല്ലവണ്ണം ജർമൻ സംസാരിക്കുന്ന യുവാക്കൾ പരിപാടി അവതരിപ്പിക്കണമെന്നാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജാമിഅയിലുള്ള കുട്ടികൾ ജർമൻ ഭാഷയിൽ പണ്ഡിതന്മാരുമായി നല്ലനിലയിൽ പരിപാടി അവതരിപ്പിക്കാൻ കഴിവുള്ളവരാണ്. എങ്ങനെയാണ് മറുപടി കൊടുക്കേണ്ടതെന്ന് അവർ പണ്ഡിതന്മാരിൽനിന്ന് പഠിക്കുക.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ജാമിഅ അഹ്മദിയായിൽ യു.കെയിലെ കുട്ടികൾ ആലമരീ ീള വ്യാവേ എന്ന പ്രോഗ്രാം ചെയ്യുന്നുണ്ട്. ആദ്യം ഇരുന്നുകൊണ്ടാണ് ചോദ്യോത്തരം ചെയ്തിരുന്നത്. ഇപ്പോൾ അവരുടെ തൽസമയ പ്രോഗ്രാമും വരാൻ തുടങ്ങിയിരിക്കുന്നു. തൽസമയം എങ്ങനെയാണെന്നാൽ ടെക്സ്റ്റ് മെസേജ് അല്ലെങ്കിൽ കമ്പ്യൂട്ടറിന്റെ സ്ക്രീനിൽ മെസേജ് തെളിയുന്നു. ചിലനേരങ്ങളിൽ അനഹ്മദികൾ നിരർഥമായ ഭാഷ സംസാരിക്കാറുണ്ട്. അതുകൊണ്ടാണ് ഫോൺകാളർ വെക്കാത്തത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജാമിഅയിൽ 5-ാം ക്ലാസ്സിലും ശാഹിദ് ക്ലാസ്സിലും പഠിക്കുന്ന കുട്ടികൾ വളരെ നല്ല രീതിയിൽ ചോദ്യങ്ങൾക്ക് മറുപടി നല്കുന്നു. അവർ ആദ്യമെ തയ്യാറായതിനുശേഷമാണ് മറുപടിനൽകുന്നത്. യഥാർഥത്തിൽ ഇവിടത്തുകാരുടെ സ്വാഭവമനുസരിച്ച് ഭാഷ അറിയുന്ന യുവാക്കൾ മറുപടി കൊടുക്കുന്ന പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. പിന്നെ ഉർദുവിലാണ് ചോദ്യോത്തരം വേണ്ടതെങ്കിൽ അത് നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. അവിടേയും ഉർദുവിൽ 'രാഹെ ഖുദാ' എന്ന പേരിൽ പരിപാടി നടന്നുവരുന്നുണ്ട്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:എല്ലാ സമുദായത്തിലും എല്ലാ ഭാഷയിലും പരിപാടി ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. നിങ്ങളുടെ അഭിപ്രായത്തെ കുറിച്ച് പറയുകയാണെങ്കിൽ അത് നല്ല അഭിപ്രായമാണ്. എന്നാൽ, ഈ പരിപാടിയുടെ, തുടർച്ചയായ പബ്ലിസിറ്റിയും വേണം. വ്യവസ്ഥാപിതമായി കാണിക്കുകയും വേണം. ചുരുങ്ങിയത് ആഴ്ചയിൽ ഒരു പരിപാടിയെങ്കിലും ഉണ്ടാക്കുകയും കാണിക്കുകയും ചെയ്യണം. അങ്ങനെ നമ്മുടെ യുവാക്കളിലും ശ്രദ്ധ ഉണ്ടാകണം. അതായത് എങ്ങനെ ചോദ്യത്തിന് മറുപടി നല്കണം? നമ്മുടെ വീക്ഷണങ്ങളെന്താണ്? അഹ്മദിയ്യ ജമാഅത്ത് എന്താണ്? ഇസ്‌ലാമെന്താണ്? ഈ രാജ്യങ്ങളിൽ ഇസ്‌ലാം എങ്ങനെയാണ് കാര്യങ്ങൾ നേരിടേണ്ടത്? വിവിധ രീതിയിലുള്ള വിഷയങ്ങളെടുത്ത് അതനുസരിച്ച് ചോദ്യോത്തര പരിപാടി നടത്താവുന്നതാണ്. എല്ലാ ആഴ്ചയും ഇത്തരം പരിപാടി നടത്താൻ കഴിയുമോ? അല്ലെങ്കിൽ തുടക്കത്തിൽ ജനശ്രദ്ധ ഉണ്ടാകുന്നതിന് രണ്ടാഴ്ച കൂടുമ്പോൾ ഒരു പരിപാടി നടത്തുക. ജനങ്ങളുടെ പേരു വിളിച്ചുകൊണ്ട് അവരുടെ ചോദ്യം ആവർത്തിക്കുകയാണെങ്കിൽ നമ്മുടെ പേരിനോടൊപ്പം ചോദ്യവും വരുന്നതുകൊണ്ട് നമുക്ക് നോക്കാമെന്ന് ചിന്ത ആളുകളിലുണ്ടാകുന്നു. അവർ വേറെ നാലാളുകൾക്ക് കാണിച്ചു കൊടുക്കുന്നതുമാണ്. അടുത്ത പ്രാവശ്യം ഈ നാലുപേർക്കും ശ്രദ്ധയുണ്ടാകും. അവരും ചോദ്യങ്ങൾ ചോദിക്കും. ഇപ്രകാരം ഇത് വിശാലമായിക്കൊണ്ടിരിക്കും. ഇത്തരം പരിപാടികളുണ്ടാവേണ്ടതാണെന്നുള്ള നിങ്ങളുടെ അഭിപ്രായം വളരെ നല്ല അഭിപ്രായമാണ്. എന്നാൽ, ഇത് ആര് നടത്തുമെന്ന കാര്യമാണെങ്കിൽ ഭാഷയിൽ നല്ല നൈപുണ്യമുള്ളവരാണ് ഇതു നടത്തേണ്ടത്.

ഒരു സുഹൃത്ത് പറഞ്ഞു: ഹുദൂർ കുട്ടികൾക്കുവേണ്ടി ഇപ്പോൾ പരിപാടിയൊന്നും വരുന്നില്ല.

ഹുദൂർ പറഞ്ഞു:താങ്കൾ ഇവിടെ എം.ടി.എ യുടെ പ്രവർത്തകൻ എന്ന നിലയിലാണിരിക്കുന്നത്. അതിന്റെ ഭാഗമാണെങ്കിൽ ഇത്തരം പരിപാടികളുണ്ടാകേണ്ടതാണെന്ന് സംഘാടകരോടു അഭിപ്രായം പറയുക. താങ്കളുടെ മനസ്സിലെന്തെങ്കിലും പ്രോഗ്രാമുണ്ടെങ്കിൽ അതിന്റെ സ്ക്രിപ്റ്റ് തയ്യാറാക്കുക. കുട്ടികൾക്കുവേണ്ടി നല്ല പരിപാടി തയ്യാറാക്കുന്നവരുണ്ടെങ്കിൽ അവരുടെ പേരു കൊടുക്കുക. സ്ക്രിപ്റ്റ് തയ്യാറാക്കുന്ന ടീമുകളുണ്ടാക്കുക. ഏതുപോലെയെന്നാൽ മറ്റുള്ള സ്ഥലങ്ങളിൽ ഉർദുവിലും ഇംഗ്ലീഷിലും പരിപാടി തയ്യാറാക്കിവരുന്നുണ്ട്. അങ്ങനെ താങ്കളുമുണ്ടാക്കുക. ഇതുതന്നെയാണ് ഞാൻ മുമ്പേയും പറഞ്ഞത്. അതായത് ഇന്ന ദിവസം നമ്മുടെ പരിപാടി എം.ടി.എയിൽ വരുന്നതാണെന്ന് കുട്ടികൾ അറിഞ്ഞിരിക്കണം. കുട്ടികൾക്ക് താൽപര്യമുണ്ടാകുന്നതിനുവേണ്ടി ഇക്കാര്യങ്ങളൊക്കെ താങ്കൾ താങ്കളുടെ ടീമിന് പറഞ്ഞുകൊടുക്കുക.

ഒരു യുവാവ് പറഞ്ഞു:അഹ്മദി കുട്ടികൾക്കുവേണ്ടി കാർട്ടൂൺ തയ്യാറാക്കാൻ തുടങ്ങിയിട്ടുണ്ട്. അതിൽ അഹ്മദി കുട്ടികളുടെ മതപരമായ വിഷയത്തിൽ കഥാ രൂപത്തിൽ പാഠങ്ങൾ നൽകുന്നു. ഹുദൂർ പറഞ്ഞു:താങ്കൾ എന്തു പരിപാടി ഉണ്ടാക്കിയാലും ആദ്യം കേന്ദ്രത്തിൽനിന്ന് അനുവാദം വാങ്ങണം. ഇവിടെ ജർമനിയിൽ ഏതെങ്കിലും ടീമുകൾ ഈ പരിപാടികൾ കാണാറുണ്ടോ എന്നെനിക്കറിയില്ല. എന്തുകൊണ്ടെന്നാൽ ജർമൻഭാഷ അറിയുന്നവർക്കുമാത്രമെ ഇത് മനസ്സിലാകുകയുള്ളു. ഇവിടേയും തയ്യാറാക്കപ്പെടുന്ന പരിപാടിൾ ചെക്കു ചെയ്യുന്ന ഒരു ടീമുണ്ടാകേണ്ടതാണെന്ന് ഹുദൂർ പറഞ്ഞു. കുട്ടികൾക്ക് താൽപര്യമുള്ള പരിപാടികളുമുണ്ടാക്കുക. എന്നാൽ, ഇതിൽ പല കാര്യങ്ങളും ശ്രദ്ധിക്കേണ്ടതായി വരും. തങ്ങളുടെ നടപടിക്രമങ്ങളേയും ശ്രദ്ധിക്കേണ്ടിവരും. ഇവിടുത്തെ നടപടിക്രമങ്ങൾ എത്രത്തോളം തങ്ങളിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുമെന്ന് നോക്കേണ്ടതാണ്. പിന്നീട് ഇതനുസരിച്ച് പരിപാടി തയ്യാറാക്കേണ്ടതാണ്. ഇസ്‌ലാമിക നടപടിക്രമങ്ങളെ തദ്ദേശപാരമ്പര്യങ്ങളിൽ എത്രമാത്രം ഉൾപ്പെടുത്താൻ സാധിക്കുമെന്ന് നോക്കിക്കൊണ്ട് പ്രോഗ്രാം തയ്യാറാക്കുക. ഈ പരിപാടിയുടെ അവസാനം ഹുദൂർ ദുആ ചെയ്തു. ഇതിനുശേഷം പ്രവർത്തകർ അവരവരുടെ പ്രവർത്തകരുമായി ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്തു. ഇതുകഴിഞ്ഞ് ഹുദൂർ എം.ടി.എയുടെ മഹിള പ്രവർത്തകരുടെ അടുത്തും പോയി.

### 2012 ഡിസംബർ 17 ഞായറാഴ്ച:

ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 7.15-ന് ബയ്ത്തുസ്സുബൂഹിൽ വരികയും സ്വുബ്ഹി നമസ്കരിപ്പിക്കുകയും ചെയ്തു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

### ജർമനി ജാമിഅ അഹ്മദിയ്യായുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം.

ഇന്ന് പരിപാടിയനുസരിച്ച് റീഡ്സ്റ്റാഡ്റ്റ് (*Riedstadt*) നഗരത്തിൽ ജാമിഅ അഹ്മദിയ്യ ജർമനിയുടെ പുതിയതായി നിർമിച്ച കെട്ടിടത്തിന്റെ ഉദ്ഘാടന പരിപാടി ദിവസമായിരുന്നു.

1178 വർഷം പഴക്കമുള്ള ഒരു ചരിത്രപരമായ പട്ടണമാണ് റീഡ്സ്റ്റാഡ്റ്റ്. ഇവിടുത്തെ ജനസംഖ്യ 22-ായിരമാണ്. അവരിൽ 83 സമൂഹങ്ങളുമായി ബന്ധപ്പെട്ട ആളുകളുണ്ട്. വിസ്താരത്തിന്റെ അടിസ്ഥാനത്തിൽ ജില്ല ഗ്രോസ്-ഗെരൗ ഏറ്റവും വലിയ പട്ടണമാണ്. ഫ്രാങ്ക്ഫേർട്ടിലെ ബയ്ത്തുസ്സുബൂഹിൽനിന്ന് ഇവിടേക്കുള്ള ദൂരം 57 കിലോമീറ്ററാണ്. ഈ പട്ടണം ജമാഅത്തിനെ പരിചയപ്പെട്ടത് 1985-ലാണ്. അക്കാലത്ത് ചില അഹ്മദി സുഹൃത്തുക്കൾ ഇവിടെ വന്നു താമസിച്ചു. 1987-ൽ ഇവിടെ വ്യവസ്ഥാപിതമായി ജമാഅത്ത് നിലവിൽവന്നു. ഇവിടുത്തെ തദ്ദേശ ജമാഅത്തിന് മസ്ജിദ് ബയ്ത്തുൽ അസീസ് എന്നപേരിൽ ഒരു മസ്ജിദ് നിർമിക്കാനുള്ള സൗഭാഗ്യം ലഭിച്ചു. ഈ മസ്ജിദിന്റെ ഉദ്ഘാടനം 2004 ആഗസ്റ്റ് 30-ാം തിയതി ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് നിർവഹിച്ചു.

ഈ മസ്ജിദിനോടു ചേർന്ന് ഒരു പ്ലോട്ടുണ്ട്. അതിന്റെ വിസ്തീർണം 5700 ചതുരശ്രമീറ്ററാണ്. അത് 2008-ൽ 6 ലക്ഷത്തി അമ്പതിനായിരം യൂറോയ്ക്ക് വാങ്ങി. 2008 ഒക്ടോബറിൽ റീഡ്സ്റ്റാഡ്റ്റ് നഗരസഭ റീഡ്സ്റ്റാഡ്റ്റ് ജാമിഅ അഹ്മദിയ്യായുടെ പ്ലാൻ അംഗീകരിച്ചു. മസ്ജിദ് അസീസിന്റെ സ്ഥലവും കൂടി ഉൾപ്പെടുത്തി മൊത്തം 8300 ചതുരശ്ര മീറ്റർ സ്ഥലമുണ്ട്.

2009 ഡിസംബർ 15-ാം തിയതി ഹുദൂർ അയ്യദഹുല്ലാഹ് തന്റെ ജർമൻ പര്യടനവേളയിൽ ജാമിഅയ്ക്ക് തറക്കല്ലിട്ടു. 2010 ഫെബ്രുവരി 1-ാം തിയതി ഇതിന്റെ നിർമാണ പ്രവർത്തനം ആരംഭിച്ചു. ഈ പ്ലോട്ടിന്റെ കിഴക്കുഭാഗത്ത് മസ്റൂർ ഹോസ്റ്റൽ എന്ന പേരിൽ രണ്ടുനില കെട്ടിടമുണ്ട്. പടിഞ്ഞാറു ഭാഗത്ത് ജാമിഅയുടെ ക്ലാസ്സു മുറിയും ഓഫീസുകളും ലൈബ്രറിയുമടങ്ങിയ ഇരുനില കെട്ടിടവുമുണ്ട്.

ജാമിഅയിലെ ഈ പുതിയ കെട്ടിടത്തിൽ 7 ക്ലാസ്സുമുറികളും രണ്ടു വലിയ ഹാളുമുണ്ട്. ലൈബ്രറിയുണ്ട്. കമ്പ്യൂട്ടർ റൂമുണ്ട്. പ്രിൻസിപ്പാളിന്റെ ഓഫീസും സ്റ്റാഫ്റൂമിനും പുറമെ മറ്റു നിർവഹണ സമിതിയുടെ ഓഫീസുകളുമുണ്ട്. ഒരു വലിയ അടുക്കളയും ഡൈനിംഗ്ഹാളും പല ഗ്യാലറികളും ഉപശാലകളുമുണ്ട്.

മസ്റൂർ ഹോസ്റ്റലിന്റെ ഇരുനില കെട്ടിടത്തിൽ ഇപ്പോൾ വലിയ സൈസിലുള്ള 31 റൂമുകളുണ്ട്. പൊതുവായ മുറിയെന്ന നിലയിൽ ഒരു വലിയ ഹാളുണ്ട്. അവിടെ കുട്ടികൾക്ക് കളിക്കാൻ ഇൻഡോർ സ്റ്റേഡിയമുണ്ട്. ഒരു ഭാഗത്ത് വസ്ത്രങ്ങൾ ഇസ്തിരിയിടാനുള്ള റൂമുണ്ട്. വിദ്യാർഥികൾക്ക് കളിക്കാൻ, ഫുട്ബോളിനും ബാസ്കറ്റ്ബോളിനും വേണ്ടിയും സ്ഥലം തയ്യാറാക്കിയിട്ടുണ്ട്.

ഹുദൂർ അയ്യദഹുല്ലാഹ് രാവിലെ 10.15-ന് താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. റീഡ്സ്റ്റാഡ്റ്റ് നഗരത്തിലേക്ക് യാത്ര തിരിച്ചു. മുക്കാൽമണിക്കൂർ യാത്രയ്ക്കു ശേഷം ഹുദൂർ അയ്യദഹുല്ലാഹ് ജാമിഅ അഹ്മദിയ്യായിലെത്തി. പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യ ജർമനി ബഹുമാനപ്പെട്ട ശംശാദ് അഹ്മദ് ഖമർ സാഹിബും ഉസ്താദുമാരും സ്റ്റാഫുമാരും ചേർന്ന് ഹുദൂർ അയ്യദഹുല്ലായെ വരവേറ്റു. ആലിംഗനം ചെയ്തു.

ഹുദൂർ അയ്യദഹുല്ലാഹ് ജാമിഅ അഹ്മദിയ്യായുടെ പുറത്തെ ചുമരിൽ സ്ഥാപിച്ചിരുന്ന ഫലകം അനാച്ഛാദനം ചെയ്യുകയും ദുആഇരക്കുകയും ചെയ്തു. ഇതിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് ജാമിഅ അഹ്മദിയ്യായുടെ കെട്ടിടം നോക്കിക്കണ്ടു.

ഹുദൂർ അയ്യദഹുല്ലാഹ് ജാമിഅയുടെ ഹോസ്റ്റലിൽനിന്നാണ് പരിശോധന തുടങ്ങിയത്. ഹോസ്റ്റലിന്റെ ഒരു ഭാഗത്ത് സൂപ്രണ്ടിന്റെ ഓഫീസും താമസസ്ഥലവുമാണ്. അതിനോടു ചേർന്ന് അടുത്ത ഭാഗത്ത് സെനഗൾ ഉസ്താദുമാരുടെ താമസത്തിനുള്ള അപ്പാർട്ടുമെന്റാണ്. അതുകഴിഞ്ഞാൽ വിദ്യാർഥികളുടെ താമസസ്ഥലമാണ്. ഹുദൂർ അയ്യദഹുല്ലാഹ് ഹോസ്റ്റലിലെ പല മുറികളിലും കയറിയിറങ്ങി. ഓരോ മുറിയിലുമുള്ള അടിസ്ഥാനസൗകര്യങ്ങൾക്കുള്ള സാധനങ്ങളൊക്കെ പരിശോധിക്കുകയും ഒപ്പം നിർദേശങ്ങൾ നൽകുകയും ചെയ്തു.

ഹുദൂർ ഹോസ്റ്റലിന്റെ പുറത്തുള്ള കോണിപ്പടിയിലൂടെ രണ്ടാം നിലയിൽ പോകാൻ തുടങ്ങിയപ്പോൾ അമീർ സാഹിബ് ജർമ്മനി ജാമിഅയോടുചേർന്നുള്ള മറ്റൊരു ബിൽഡിംഗ് ചൂണ്ടിക്കൊണ്ട് ഇത് വിൽക്കാനുള്ളതാണെന്ന് പറഞ്ഞു. അതിനുശേഷം ഹുദൂർ ഈ ബിൽഡിംഗ് വാങ്ങാനുള്ള അനുവാദം കൊടുത്തു. ഹോസ്റ്റലിന്റെ രണ്ടാം നിലയിലും വിദ്യാർഥികൾക്ക് താമസിക്കാനുള്ള അപ്പാർട്ട്മെന്റിന് പുറമെ, ഒരു ഭാഗം പ്രത്യകമാക്കിക്കൊണ്ട് ഉസ്താദുമാർക്കു വേണ്ടിയും അപ്പാർട്ട്മെന്റ് നിർമ്മിച്ചിട്ടുണ്ട്. ഹുദൂർ ഈ അപ്പാർട്ട്മെന്റ് പരിശോധിച്ചതിനുശേഷം അടുക്കള, സ്റ്റോർ, ഡൈനിംഗ്ഹാൾ എന്നിവയും നോക്കിക്കണ്ടു. അതിനുശേഷം ഹുദൂർ ജാമിഅ അഹ്മദിയ്യായുടെ ക്ലാസ്മുറികളിൽപോയി. ക്ലാസ്മുറി, സെക്യൂരിറ്റി റൂമുകൾ, സിലബസ്സ് സെക്ഷൻ എന്നിവ പരിശോധിച്ചതിനുശേഷം കമ്പ്യൂട്ടർ റൂമിൽപോയി. ഇത് ഒരു ഹാളോടുകൂടിയ വലിയ മുറിയാണ്. അതിൽ ധാരാളം കമ്പ്യൂട്ടറുകൾ വെച്ചിട്ടുണ്ട്. ഒരുഭാഗത്ത് ചുമരിനോടൊപ്പം ഒഴിഞ്ഞ സ്ഥലമാണ്. ഹുദൂർ പറഞ്ഞു: 'ഈ ഒഴിഞ്ഞ സ്ഥലത്തും കമ്പ്യൂട്ടറുകൾ വെക്കുക.' ഇതിനുശേഷം ഹുദൂർ ലൈബ്രറി പരിശോധിക്കാൻ പോയി. ലൈബ്രറി വിശദമായി പരിശോധിക്കുകയും പുസ്തകങ്ങൾ പരിശോധിക്കുകയും ചെയ്തു. ഹദീഥ് ഗ്രന്ഥത്തിന്റെ ജമാഅത്തിന്റെ തർജ്ജമ കാണാൻ സാധിച്ചു. എന്നാൽ, അനഹ്മദികൾ പ്രസിദ്ധപ്പെടുത്തിയ പരിഭാഷ കാണാൻ സാധിച്ചില്ലല്ലോ. ആ അവസരത്തിൽ ഹുദൂർ പറഞ്ഞു: 'സ്വഹീഹ് ബുഖാരിയുടെ പരിഭാഷ വെക്കുക. അതോടൊപ്പം ഹദീഥുകളുടെ മറ്റ് ഗ്രന്ഥങ്ങളുടെ പരിഭാഷയും വെക്കുക.'

**ജാമിഅ അഹ്മദിയ്യാ ജർമ്മനിയുടെ പുതിയ ബിൽഡിംഗിന്റെ ഉദ്ഘാടന പരിപാടി:**

ഇതിനുശേഷം പ്രോഗ്രാം അനുസരിച്ച് ഹുദൂർ ജാമിഅ അഹ്മദിയ്യായുടെ ഉദ്ഘാടന പരിപാടിക്കുവേണ്ടി ഹാളിൽപോയി. ഹുദൂർ വരുന്നതിനുമുമ്പേ അതിഥികളും വിദ്യാർഥികളും അവരവരുടെ ഇരിപ്പിടത്തിൽ ഇരുന്നു കഴിഞ്ഞിരുന്നു.

ഈ ഉദ്ഘാടന പരിപാടി ഖുർആൻ പാരായണത്തോടുകൂടി ആരംഭിച്ചു. കമാൽ അഹ്മദ് സാഹിബാണ് (ജാമിഅ അഹ്മദിയ്യായിലെ 4-ാം ക്ലാസ് വിദ്യാർഥി) ഖുർആൻ പാരായണം ചെയ്തത്. തുടർന്ന് ഇതിന്റെ ഉർദു പരിഭാഷയും ജർമ്മൻ പരിഭാഷയും അവതരിപ്പിച്ചു. അതിനുശേഷം അമീർ സാഹിബ് ജർമ്മനി ജാമിഅ അഹ്മദിയ്യായുടെ സ്ഥാപനത്തെ സംബന്ധിച്ചും ആശംസ പ്രസംഗം നടത്തി. അദ്ദേഹം തന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ ഖാദിയാനിലെ മദ്രസ അഹ്മദിയ്യാ സ്ഥാപനംതൊട്ട് പല സ്ഥലങ്ങളിലും പ്രവർത്തിക്കുന്ന ജാമിഅ അഹ്മദിയ്യാ സ്ഥാപനങ്ങളെക്കുറിച്ചും ഹ്രസ്വമായി പറഞ്ഞു.

അമീർ സാഹിബ് പറഞ്ഞു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് 2003-ൽ തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ആദ്യമായി പര്യടനത്തിൽ ജർമനിയിൽ വന്നപ്പോൾ പറഞ്ഞു: ജർമ്മനിയിലേയും യൂറോപ്പിലെ മറ്റ് രാഷ്ട്രങ്ങളിലേയും യുവാക്കൾ ഇവിടെനിന്ന് വിദ്യാഭ്യാസം കരസ്ഥമാക്കി, മുബല്ലിഗിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിനുവേണ്ടി ജർമ്മനിയിലും ഒരു ജാമിഅ തുടങ്ങുക.

2007 ഏപ്രിൽ 17-ന് ഹുദൂർ മുമ്പേ ജാമിഅ അഹ്മദിയ്യാ റബ്വയിൽ ഉസ്താദ് എന്ന നിലയിൽ ഖിദ്മത്ത് ചെയ്ത ശംശാദ് അഹ്മദ് ഖമർ സാഹിബിനെ ജാമിഅ അഹ്മദിയ്യായുടെ പ്രിൻസിപ്പാളിന്റെ ഉത്തരവാദിത്വം ഏൽപിച്ചു. എന്നിട്ട് സ്ഥിരമായി ജാമിഅ തുടങ്ങാനുള്ള ആസൂത്രണം ചെയ്യുക. ആ സമയത്ത് ജമിഅക്കുവേണ്ടി പ്രത്യേക കെട്ടിടമുണ്ടായിരുന്നില്ല. അതുകൊണ്ട് ജമാഅത്തിന്റെ കേന്ദ്ര സെന്ററായ ബയ്ത്തുസ്സുബൂഹിന്റെ (ഫ്രാങ്ക്ഫർട്ട്) ഒരു ഭാഗം പ്രത്യകമാക്കിക്കൊണ്ട് ജാമിഅ സ്ഥാപിക്കുന്നതിനെക്കുറിച്ച് പരിപാടി തയ്യാറാക്കി. 2008 ആഗസ്റ്റ് 20 ജർമ്മനി ജമാഅത്തിന്റെ ചരിത്രത്തിൽ ഒരു സുവർണ്ണ ദിവസമായിരുന്നു. ആ ദിവസമാണ് ഹുദൂർ ജാമിഅ അഹ്മദിയ്യ ജർമ്മനി ഉദ്ഘാടനം ചെയ്തത്. ഇപ്രകാരം ഹുദൂറിന്റെ നിർദ്ദേശമനുസരിച്ച് ജാമിഅ അഹ്മദിയ്യാ ജർമ്മനിക്ക് വ്യവസ്ഥാപിതമായി തുടക്കം കുറിച്ചു. അമീർ സാഹിബ് പറഞ്ഞു:ഇതിനോടൊപ്പം ജാമിഅക്ക് സ്ഥിരമായ കെട്ടിടത്തിനുവേണ്ടിയും ശ്രമിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ റീഡ്സ്റ്റാർട്ട് പ്രദേശത്ത് മസ്ജിദ് ബയ്ത്തുൽ അസീസിന് ചേർന്നുകൊണ്ടുള്ള ഭൂമി വാങ്ങാനുള്ള ഭാഗ്യം ലഭിച്ചു. ഹുദൂർ 2009 ഡിസംബർ 15-ാം തിയ്യതി ഈ പ്രദേശത്ത് തന്റെ കരങ്ങൾകൊണ്ട് ജാമിഅ അഹ്മദിക്കുള്ള ബിൽഡിംഗിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു. ജാമിഅയുടെ കോഴ്സ് 7 വർഷമാണ്. ഇപ്പോൾ ഇവിടെ വിദ്യാർഥികൾ അഞ്ചാം വർഷംവരെയെത്തി. വിദ്യാർഥികളുടെ എണ്ണം 80-ഉം, ഉസ്താദുമാരുടെ എണ്ണം 12-ഉം ആണ്.

ഈ ബിൽഡിംഗിൽ ഇസ്ലാമികാധ്യാപനങ്ങൾ കരസ്ഥമാക്കുന്ന യുവാക്കൾ, അവർ ജർമ്മനിയുടെ ഒരു ഭാഗമാണ്. എന്നല്ല വളരെ പ്രധാനപ്പെട്ട ഭാഗമാണ്. കാരണം അവർ തങ്ങളുടെ മുൻതലമുറകളെക്കാൾ ഉന്നതമായിക്കൊണ്ടുള്ള ബന്ധങ്ങളുടെ പാലം നിർമ്മിക്കുന്നതായിരിക്കും. അതുമുഖേന മതത്തിന്റേയും സാംസ്കാരികതയുടേയും ഇടയിലുള്ള ബന്ധത്തിന്റെ വാതിലുകൾ തുറക്കുന്നവരായിരിക്കും. അത്തരം യുവാക്കൾ മുസ്ലിമീങ്ങൾക്ക് ജർമ്മനിയിൽ സമാധാനത്തിലധിഷ്ഠിതമായ ഇസ്ലാമികാധ്യാപനങ്ങൾ നൽകുന്നതായിരിക്കും. അങ്ങനെ ഇസ്ലാമിനെ തെറ്റായി വ്യാഖ്യാനിക്കുന്നവരുടേയും തീവ്രവാദികളുടേയും അക്രമങ്ങളിൽനിന്ന് അവരെ സംരക്ഷിക്കുന്നതാണ്. അവർ ഈ സമൂഹത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ടവർ തെറ്റുധാരണ ഇല്ലാത്തവിധം ഇസ്ലാമിനെ സമർപ്പിക്കുന്നതായിരിക്കും. ഇതെല്ലാം അവർക്ക് അവരുടെ ഭാഷയിൽ അതായത് ജർമ്മൻ ഭാഷയിൽ സമർപ്പിക്കുന്നതാണ്.

അമീർ സാഹിബ് ജർമ്മനി അബ്ദുല്ലാ വാഗസ് ഹൗസർ സാഹിബിന്റെ പ്രസംഗത്തിനുശേഷം റീഡ്സ്റ്റാർട്ട് പട്ടണത്തിന്റെ മേയർ മിസ്റ്റർ വേർണർ അമന്റ് പ്രസംഗിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'ആദരണീയരായ ഖലീഫത്തുൽ മസീഹ്, ബഹുമാന്യരായ അതിഥികളേ, ഞാൻ ആദ്യമായി മഹോന്നതമായ ഈ പ്രവൃത്തിക്ക് നന്ദി രേഖപ്പെടുത്തുന്നു. ഇതിനോടനുബന്ധിച്ച് ഞാൻ ആദ്യമായി മേയറിനും നന്ദി രേഖപ്പെടുത്തുന്നു. കാരണം അദ്ദേഹം തന്റെ കാലഘട്ടത്തിൽ ഈ പ്രവൃത്തിക്ക് തുടക്കം കുറിച്ചതാണ്. പിന്നീടാണ് ഞാൻ ഈ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോയത്.

ഇന്നത്തെ ഈ ദിവസവും ഇന്നത്തെ ഈ പരിപാടിയും ഒരു സാധാരണ പരിപാടിയല്ല. പ്രത്യുത ഈ പ്രോഗ്രാം നമ്മുടെ നഗരത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഒരു രാജ്യം, അവിടെ അധികവും താമസിക്കുന്നത് ക്രിസ്ത്യാനികളാണ്. അവിടെ മുസ്ലിമീങ്ങളുടെ ഇമാം തയ്യാറാക്കുന്ന സ്ഥാപനം ഉദ്ഘാടനം ചെയ്യുക എന്നത് ഒരു സാധാരണ കാര്യമല്ല. ജർമ്മനിയിൽ ഈ കാര്യം പൊതുനിലപാടിൽനിന്ന് വ്യത്യസ്തമായതാണ്. ഇപ്പോൾ കുറച്ചുവർഷം മുമ്പേമുതൽ നമ്മുടെ രാജ്യത്ത് യൂണിവേഴ്സിറ്റികളിലും ഇസ്ലാമികാധ്യാപനം കരസ്ഥമാക്കുന്നതിനുള്ള തുടക്കം കഴിഞ്ഞിരിക്കുന്നു. എന്നാൽ, ഈ സ്ഥാപനത്തിന്റെ നില ഇതിനേക്കാളെല്ലാം മികച്ചതാണ്. ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു സ്ഥാപനമാണ്. നമ്മുടെ രാജ്യത്ത് തങ്ങളുടേതായ നിലയിൽ ആദ്യത്തെ സ്ഥാപനമാണ്. ഇതിന് സമാനമായി ഒരു സ്ഥാപനം ഇപ്പോൾ മുഴുവൻ യൂറോപ്പിലും ലണ്ടനിലും മാത്രമേയുള്ളൂ. അത് അഹ്മദിയ്യാ ജമാഅത്തിന്റേതാണ്. ശരിയായ നിലയിൽ നോക്കുകയാണെങ്കിൽ ലണ്ടൻ യു.കെ.യുടെ തലസ്ഥാനമാണ്. 82 മില്യൺ ജനങ്ങൾ അവിടെ താമസിക്കുന്നു. നമ്മുടെ ഈ പട്ടണത്തിൽ വെറും ജനസംഖ്യ 22,000 ആണ്.

ഈ ഉദ്ഘാടനത്തോടുകൂടി ഈ പട്ടണം, അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഒരു വിധത്തിൽ കേന്ദ്ര സെന്റർ എന്ന നില കൈവരിച്ചിരിക്കുന്നു. അതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. ഈ സ്ഥാപനം അറിവ് കരസ്ഥമാക്കുന്നതിനും മതപരമായ റിസർച്ച് നടത്തുന്നതിനും അറിവ് ചർച്ച ചെയ്യുന്നതിനും വേണ്ടിയാണ്. ഈ സ്ഥാപനം മതത്തിനും കൾച്ചറിനും അഭിവൃദ്ധി നൽകുന്നതായിരിക്കും. കാരണം വാദപ്രതിവാദം എത്രകണ്ട് ആവശ്യമാണോ അത്രകണ്ട് ഇത് പൊതുവായതല്ലെന്നത് ഒരു യാഥാർഥ്യമാകുന്നു.

മുസ്ലിമീങ്ങളും ക്രിസ്ത്യാനികളും തമ്മിൽ വളരെ കുറച്ചുബന്ധം മാത്രമേയുള്ളൂ. ഇപ്പോൾ നമുക്ക് അന്യോന്യമുള്ള സംസ്കാരമോ മതപരമായ അറിവോ അധികമില്ല. അന്യോന്യമുള്ള രീതികളുടേയും ആചാരങ്ങളുടേയും അറിവില്ല. അറിവില്ലായ്മ ഉണ്ടാകുക എന്നത് ആർക്കെങ്കിലും എന്തെങ്കിലും കാര്യത്തെ കുറിച്ച് അറിവില്ലാത്തിന്റെ നഷ്ടം വരുത്തുന്നതല്ല. ഖേകരമെന്ന പറയട്ടെ, അറിവില്ലായ്മ തെറ്റു ധാരണയ്ക്കും ജന്മം നല്കുന്നു. തെറ്റായ പ്രതികരണത്തിനും പിന്നീട് അതിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പെടലും ബന്ധമില്ലായ്മയും ഉടലെടുക്കുന്നു. ഇന്ന് നമ്മൾ ഉദ്ഘാടനം ചെയ്യുന്ന ഈ സ്ഥാപനം ഒരുബന്ധമില്ലായ്മയ്ക്കും ഇടവരരുത്. ഇത് നിങ്ങളുടെ വീടിന്റെ സ്ഥാനത്താണുള്ളത്. വീടുണ്ടാക്കുന്നവർ അതിൽ താമസിക്കുന്നവർ അതായത് നിങ്ങൾ ജർമ്മനിയിൽ റീസ്റ്റാർട്ടിൽ ഒരു വീട് പണിയുകയാണ്. അതുകൊണ്ട് ഇന്ന് ഞാൻ സന്തോഷദായകമായ ഈ പരിപാടിയെ അന്യോന്യം മുഖം തിരിക്കുന്നതിനു പകരം ഇൻഡിഗ്രേഷന്റെ ഒരു അടയാളമായി കാണുന്നു. നമ്മുടെ അയൽരാജ്യമായ റെഡ്സ്റ്റാർട്ട് ഇവകളെ പ്രതിനിധാനം ചെയ്തുകൊണ്ട് എന്റെ കൂട്ടുകാരൻ തോമസ് റായിശൽ, തോമാശൽ എന്നിവർ ഇവിടെ സന്നിഹിതരാണ്. അവരുടെ വകയായും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനും അനുഗ്രഹാശിസുകൾ അർപ്പിക്കുന്നു. ഒരു നീണ്ട നിർമ്മാണ പ്രവർത്തനത്തിനുശേഷം നിങ്ങൾ നിങ്ങളുടെ ഈ ലക്ഷ്യം കരസ്ഥമാക്കിയിരിക്കുന്നു. എന്റെ ശുഭപ്രതീക്ഷ നിങ്ങളോടൊപ്പമുണ്ട്. പ്രത്യേകിച്ചും വിദ്യാർഥികളുടെ കൂടെ. അവർ അനുഗ്രഹം കരസ്ഥ

മാക്കുന്നവരായി മാറട്ടെ. ഇന്നത്തെ ഈ ദിവസത്തിന്റെ വെളിച്ചത്തിൽ ഞാൻ ഈ ഷീൽഡ് നാടിന്റെ ഓർമയ്ക്കായി സമർപ്പിക്കുന്നു. തന്റെ പ്രസംഗത്തിനുശേഷം മേയർ സാഹിബ് ഹുദൂർ തിരുമനസ്സിന് നഗരത്തിന്റെ അടയാളമായ ഷീൽഡ് പാരിതോഷികമായി നൽകി.

മേയറിന്റെ പ്രസംഗത്തിനുശേഷം ഇന്ന് ഈ പരിപാടിയിൽ പങ്കെടുത്ത അതിഥി മിസ്റ്റർ വോൾഫ് വാൾട്ടർ പ്രസംഗിച്ചു. അദ്ദേഹം ജർമ്മൻ ഇസ്‌ലാം കോൺഗ്രസ്സിന്റെ സെക്രട്ടറിയാണ്. അദ്ദേഹം തന്റെ പ്രസംഗത്തിൽ പറഞ്ഞു, ആദരണീയരായ ഹുദൂർ, ജമാഅത്തിന്റെ അമീർ, മറ്റു സഹോദരീ സഹോദരന്മാരേ, നിങ്ങൾ എന്നെ ക്ഷണിച്ചതിൽ നിങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. ഞാൻ ഇന്ന് ജാമിഅ അഹ്‌മദിയ്യായുടെ ഉദ്ഘാടന വേളയിൽ ഇവിടെ സന്നിഹിതരായിരിക്കുന്നു എന്ന നിലയിൽ എനിക്ക് സന്തോഷമുണ്ട്. ഇത് സർക്കാർതലത്തിലുള്ള ഒരു സ്ഥാപനമാണ്. അത് ന്യൂറൻബർഗിലെ അഭയാർഥികളുടേയും ഉത്തരവാദിത്തമുള്ള സ്ഥാപനമാണ്. ഇതിൽ ഇസ്‌ലാം കോൺഫ്രൻസിന്റേയും ഓഫീസുണ്ട്. നമ്മൾ ഇവിടെ ആഭ്യന്തര മന്ത്രിയോടൊപ്പം പ്രവർത്തിക്കുന്നു. അവരിൽ കോൺഫ്രൻസിന്റെ ഉത്തരവാദിത്വമാണ് ഏൽപ്പിക്കപ്പെട്ടത്. ജർമ്മനിയിൽ ഇമാമീങ്ങളുടെ വിദ്യാഭ്യാസം ഞങ്ങൾക്ക് സുപ്രധാന വിഷയമാണ്. ഇമാമിന്റെ പെരുമാറ്റം പ്രധാന വിഷയമാണെന്ന് 2009-ലെ ഇസ്‌ലാം കോൺഫ്രൻസിൽ മൊത്തത്തിൽ വിലയിരുത്തിയിരുന്നു. താങ്കളുടെ ജമാഅത്തിന്റെ ഇമാം അവർ ബാഹ്യമായ നിലയിൽ മതങ്ങൾ തമ്മിലുള്ള ബന്ധങ്ങൾക്കുവേണ്ടിയും ഭരണകർത്താക്കളുമായി ബന്ധം സ്ഥാപിക്കുന്നതിനു വേണ്ടിയും പ്രത്യേകിച്ച് പട്ടണങ്ങളിലെ ഭരണകർത്താക്കളുമായി ബന്ധം സ്ഥാപിക്കുന്നതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അവരുടെ ഒന്നാമത്തെ ജോലി മതപരമായ ഉത്തരവാദിത്വത്തെ പൂർത്തിയാക്കുകയും ആത്മീയാവശ്യങ്ങളെ പൂർത്തിയാക്കുകയും ചെയ്യുക എന്നുള്ളതാണ്. എന്നാൽ, ഇതിനോടൊപ്പം മതപരവും ജാതിപരവും കുടുംബപരവുമായ കാര്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന കാരണത്താൽ പല ഇമാമുകളേയും പ്രത്യേകമായി വിശ്വസിക്കുന്നു. ഈ പെരുമാറ്റം കാരണവും തന്റെ ജമാഅത്തിന്റെ പ്രതിനിധി എന്ന നിലയിലും ഇവർ മതപരമായ ഇന്റർകൾച്ചറിലെ കാര്യങ്ങളിലും ഒരു പ്രത്യേക ജോലി ചെയ്യുന്ന അവർ സ്കൂളുകളിലേയും ചർച്ചുകളിലേയും അല്ലെങ്കിൽ നഗരത്തിലെ സംഘാടകരിലേക്കും ഇസ്‌ലാമിനെ കുറിച്ചുള്ള അറിവ് പകർന്നുകൊടുക്കുന്നവരാണ്.

മുസ്‌ലിമീങ്ങളിലും അമുസ്‌ലിമീങ്ങളിലും മറ്റുള്ളവർക്കെതിരിൽ തെറ്റായ പ്രതികരണം കുറയ്ക്കുന്നതിനുവേണ്ടി മറ്റുള്ളവർ കൂടുതൽ നല്ലവരാണെന്ന് മനസ്സിലാക്കേണ്ടതായി വരും. ഇതിനുവേണ്ടി ഒന്നാമതായി പരസ്പരം ബന്ധപ്പെടുക എന്നത് നിർബന്ധമാണ്. അന്യോന്യം ഒത്തൊരുമിച്ച് താമസിക്കുന്നതിനുവേണ്ടി ഇമാം തന്റെ അറിവിന്റെ അടിസ്ഥാനത്തിൽ ഇന്റിഗ്രേഷനുവേണ്ടിയും ഗുണകരമായ നിലയിൽ പ്രവർത്തിക്കാൻ സാധിക്കുന്നതാണ്. ജർമ്മനിയിൽ ജനിച്ചുവളർന്ന വിദ്യാസമ്പന്നരായ ആളുകൾ ഇമാമിന്റെ ജോലി ചെയ്യുക മതപരമായ ജോലി ചെയ്യുന്നവർ അറിവ് കരസ്ഥമാക്കുക എന്നതും ഈ വിഭാഗത്തിൽ പ്രവർത്തിക്കുക എന്നതും മതപരമായ നിയമത്തിന്റെ അധികാരമനുസരിച്ചാണ്. അതിൽ രേഖപ്പെടുത്തിയിരിക്കുന്ന മതപരമായ സ്ഥാപനങ്ങൾ ഈ കാര്യങ്ങളിൽ സ്വയം അധികാരമുള്ളവരാണ്. അതുകൊണ്ടുതന്നെ മതപരമായ അറിവ് പഠിപ്പിക്കുന്ന മതപരമായ സ്ഥാപനം ഇസ്‌ലാം കോൺഫ്രൻസിന്റെ ആഗ്രഹത്തിനനുസരിച്ചാണുള്ളത്. ജാമിഅ അഹ്‌മദിയ്യാ തങ്ങളുടെ അറിവുപരമായ ജോലിയുടെ അടിസ്ഥാനത്തിൽ ഭാവിക്കുവേണ്ടി നല്ല മാർഗ്ഗത്തിൽ ചുവട് വെക്കുന്നു. ഇസ്‌ലാം കോൺഫ്രൻസ് നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികൾ ജമാഅത്ത് മാതൃകാപരമായി പ്രവർത്തിച്ചുവരുന്നത് എന്റെ ശുഭപ്രതീക്ഷ ഇന്ന് ഈ ഉദ്ഘാടനം ചെയ്യുന്ന ഈ സ്ഥാപനത്തിന് ഉണ്ടാകുമാറാകട്ടെ. നന്ദി.

ഇതിനുശേഷം സ്റ്റേറ്റ് സെക്രട്ടറി മിസ്റ്റർ ഫുഡോൾഫ് ക്രൈസ്റ്റ് ഫീൽഡ് തന്റെ പ്രസംഗം സമർപ്പിച്ചു. മിസ്റ്റർ ക്രിസ്റ്റൽ ലോയിഡ് ഹെസ്സൻ ജില്ലയിലെ നിയമമന്ത്രാലയത്തിലെ കോടതിയിലും ഇൻഡിഗ്രേഷൻ &യൂറോപ്യൻ മന്ത്രാലയത്തിലെ സെക്രട്ടറിയുമാണ്. ഈ മന്ത്രാലയം സാംസ്കാരിക മന്ത്രാലയത്തിനോടൊപ്പം നിന്നുകൊണ്ട് സ്കൂളിൽ ഇസ്‌ലാമികാധ്യാപനത്തെക്കുറിച്ചുള്ള ഉത്തരവാദിത്തമാണ്. അദ്ദേഹം പറഞ്ഞു ആദരണീയരായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ്, വാഗസ് സാഹിബ്, ഹെസ്സനിലെ പ്രതിനിധികളെ സഹോദരീ സഹോദരന്മാരെ,

ഇന്ന് ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനവേളയിൽ ഞാൻ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന് ഹെസ്സൻ ഭരണകർത്താക്കളുടെ ഭാഗത്തുനിന്ന് പ്രത്യേകിച്ച് ഹെസ്സനിലെ മുഖ്യമന്ത്രി വോൾക്കർ ബൗഫിയരുടെ വകയായും അവരുടെ പ്രതിനിധി സാംസ്കാരിക മന്ത്രി മിസ്റ്റർ ജർഗോ ഹന്നിന്റെ വകയായും അനുഗ്രഹാശിസ്സുകൾ നേരുന്നു.

ഇൻഡിഗ്രേഷനും രാഷ്ട്രീയകാര്യങ്ങളുടെ വെളിച്ചത്തിലും ഈ സ്ഥാപനം പ്രവർത്തിക്കുകയും ഇമാമീങ്ങൾക്ക് വിദ്യാഭ്യാസം നൽകുകയും ചെയ്യുക എന്നത് ഉചിതവും സുപ്രധാനവുമായ ചുവടുവെയ്പ്പാണ്. പ്രത്യേകിച്ച് നമ്മുടെ മാതൃഭാഷയിൽ പ്രാവീണ്യമുള്ളവരും ജർമ്മനിയിലെ കൾച്ചറുമായി ചരിത്രക്കുറിപ്പ് അറിയുന്നവരും ഇവിടെയുള്ള നിവാസികളായ ആളുകൾക്ക് നൽകുക എന്നത് പ്രധാന കാൽവെയ്പ്പാണ്.

മതപരമായ നിലയിലും മറ്റുള്ള കാര്യങ്ങളിലും വ്യത്യസ്ത കാഴ്ചപ്പാടുള്ള മറ്റുള്ള കൾച്ചറിലുള്ള ആളുകളിലും ഇവിടെ സ്ഥിരതാമസമാക്കണമെന്ന് ഇതിനെ തങ്ങൾ തങ്ങളുടെ വീടായി കരുതണമെന്നും ഇവിടെ സമാധാനം അനുഭവിക്കണമെന്നും തങ്ങളെ ഈ സമൂഹത്തിലുള്ള ഒരു ഭാഗമായി കരുതണമെന്നുമാണ് ഞങ്ങളഗ്രഹിക്കുന്നത്. ഈ പ്രവർത്തിക്കുവേണ്ടി തങ്ങളുടെ മതപരമായ വഴിയിൽ ചലിക്കുക എന്നത് വളരെ പ്രധാനപ്പെട്ട ജോലിയാണ്. ഇന്ന് ജർമ്മനിയിൽ പല മതങ്ങളും നിലനിൽക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. പ്രത്യേകിച്ച് ഇസ്‌ലാമിനെ ജർമ്മനിയിലും ഹെസ്സനിലും അവഗണിക്കാറില്ല. മുസ്‌ലിമീങ്ങളുടെ ആരാധനാലയവും മുസ്‌ലിമീങ്ങളുടെ സാംസ്കാരിക കേന്ദ്രങ്ങളും വേറിട്ട ചിത്രങ്ങളല്ല. പ്രത്യുത തീർച്ചയായും നമ്മുടെ സമൂഹത്തിന്റെ ഭാഗമാണ്. ഏതുപോലെ മുസ്‌ലിമീങ്ങളും നമ്മുടെ ഹെസ്സൻ സമൂഹത്തിന്റെ ഭാഗമാണോ അതുപോലെ നമ്മുടെ സമൂഹമാർഗ്ഗമായിരിക്കും. ജാമിഅ അഹ്‌മദിയ്യാ ഭാവിയിൽ വളരെ വിജയത്തോടുകൂടി തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുമെന്നും ഇമാമീങ്ങളുടെ വിദ്യാഭ്യാസത്തിനുള്ള ഏർപ്പാട് വിജയപ്രദമായി നടക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ഈ സ്ഥാപനത്തിന് ഉത്തമമായ ഭാവിയുണ്ടാകട്ടെ. നന്ദി. ഇതിനുശേഷം ദാവൂദ് മജൂക്കാ സാഹിബ് (നാഷണൽ സെക്രട്ടറി ഉമ്മൂറെ ഖാരിജ) അഹ്‌മദിയ്യാ ജമാഅത്തിനെ ഹ്രസ്വമായി പരിചയപ്പെടുത്തി. അതിനുശേഷം ഹുദൂർ പ്രഭാഷണം തുടങ്ങി.

**ജാമിഅ അഹ്‌മദിയ്യാ ജർമ്മനിയുടെ ഉദ്ഘാടന പരിപാടിയിൽ ഹുദൂറിന്റെ പ്രഭാഷണം:**

ഹുദൂർ തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനുശേഷം പറഞ്ഞു. ഇന്ന് നമ്മുടെ ഇടയിൽ ജാമിഅയിലെ വിദ്യാർഥികളും മറ്റ് അഹ്‌മദീ സഹോദരന്മാർക്കും പുറമെ ബഹുമാനപ്പെട്ട അതിഥികളും വന്നിരിക്കുന്നു. അവർക്ക് ഇസ്‌ലാമുമായി ബന്ധമില്ല. പ്രത്യുത മറ്റ് മതങ്ങളുമായി ബന്ധമുള്ളവരാണ്. അതുകൊണ്ട് ആദ്യം ഞാൻ അവർക്കൊക്കെ നന്ദി രേഖപ്പെടുത്തുന്നു. അവർ നമ്മുടെ പരിപാടിക്കുവേണ്ടി ഇവിടെ വരികയും ഇതിന് തിളക്കം നൽകുകയും അഹ്‌മദിയ്യാ ജമാഅത്ത് സമാധാനസമ്പൂർണമായ ഇസ്‌ലാം സമർപ്പിക്കുന്ന ജമാഅത്താണെന്ന കാര്യം വെളിപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. അതുപോലെ നമ്മുടെ പല മതങ്ങൾ തമ്മിൽ ബന്ധങ്ങളുണ്ടായിരിക്കണമെന്നും പറഞ്ഞു. ഈ രാജ്യത്തുള്ള വിദ്യാസമ്പന്നരായ യുവാക്കൾ ഇവിടെയുള്ള ആളുകൾക്ക് യഥാർഥ ഇസ്‌ലാമിനെ പറഞ്ഞുകൊടുക്കുന്നതിനുവേണ്ടി ഈ ജാമിഅയിൽ ചേർന്നുകൊണ്ട് വിദ്യാഭ്യാസം കരസ്ഥമാക്കുന്നുവെന്നും പറയുകയുണ്ടായി. ചില തീവ്രവാദികളുടെ ഭാഗത്തുനിന്ന് ഇസ്‌ലാമിനെക്കുറിച്ച് ചില തെറ്റായ ധാരണകളുണ്ടായിട്ടുണ്ട്. അത് ദൂരീകരിക്കുകയെന്നും പറഞ്ഞു. ചുരുക്കത്തിൽ ഇവർക്ക് അഹ്‌മദിയ്യാ ജമാഅത്തിൽ പ്രതീക്ഷയുണ്ടെന്ന് എല്ലാ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഏതുപോലെ അഹ്‌മദിയ്യ ജമാഅത്തിന്റെ കഴിഞ്ഞ 123, 124 വർഷത്തെ ചരിത്രം സാക്ഷിയാണ്. അഹ്‌മദിയ്യത്ത് സ്നേഹത്തേയും സാഹോദര്യത്തേയും പ്രചരിപ്പിക്കുന്ന യഥാർഥ ഇസ്‌ലാം മതമാണ്. ഇവിടെനിന്ന് പഠനം പൂർത്തിയാക്കിയ വിദ്യാർഥികൾ ഇസ്‌ലാമിന്റെ യഥാർഥ ചിത്രം ഇവിടുത്തെ ആളുകൾക്ക് കാണിച്ചുകൊടുക്കുന്നതായി ജനങ്ങൾ കാണും. ഇൻശാഅല്ലാഹ്. ഹുദൂർ പറഞ്ഞു: ഞാൻ ഇവിടെ ഒരു കാര്യവുംകൂടി പറയാനാഗ്രഹിക്കുകയാണ്. അതായത്, ഇവിടെ വെറും ജർമ്മനിയിലെ വിദ്യാസമ്പന്നരായ യുവാക്കൾ ഈ ജാമിഅയിൽ വിദ്യാഭ്യാസം കരസ്ഥമാക്കുന്നുവെന്ന് പറയുകയുണ്ടായി. എന്നാൽ, ഈ ജാമിഅയിൽ യൂറോപ്പിലെ മറ്റ് രാഷ്ട്രങ്ങൾ അതിൽ ബെൽജിയം, ഹോളണ്ട്, ഫ്രാൻസ്, ഇതിന് പുറമെ മറ്റ് രാഷ്ട്രങ്ങളുടെ കുട്ടികളും പഠിക്കുന്നുണ്ട്. മേയർ സാഹിബ് പറഞ്ഞത് ലണ്ടനിനെ അപേക്ഷിച്ച് ഇത് ചെറിയൊരു പട്ടണമാണെന്നാണ്. ഇവിടെയാണ് ജാമിഅ സ്ഥാപിച്ചത്. വെറും ജർമ്മനിയിലെ വിദ്യാർഥികൾ മാത്രമല്ല ഇവിടെ പഠിക്കുന്നത്. പ്രത്യുത ഈ ചെറിയ നഗരത്തിൽനിന്ന് അറിവിന്റെ വെളിച്ചം പുറപ്പെട്ട് മുഴുവൻ യൂറോപ്പിലും വ്യാപിക്കുന്നതായിരിക്കും. യൂറോപ്യൻ യൂണി


• ഹദീഥുന്നബവി(സ) •

"എനിക്കുമുമ്പേ ആർക്കും അനുവദിക്കപ്പെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു.....എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു. 7:1)."

TIMBELLA
BEAUTY FROM TIMBER
—NILAMBUR—

SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES

ത്വാലിബെ ദുആ

BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

tectona
feel more confidence



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

യൻ തങ്ങളുടെ സാമ്പത്തികാവസ്ഥ കാരണത്താലും രാഷ്ട്രീയാവസ്ഥ കാരണത്താലും ചേർന്ന് പ്രവർത്തിക്കുന്നു. എന്നാൽ, മതത്തിലേക്ക് യൂറോപ്യൻ യൂണിയൻ ശ്രദ്ധിക്കുന്നില്ല. അഹ്മദിയ്യാ ജമാഅത്ത് റീസ്റ്റാർട്ടിൽ യൂറോപ്പിന്റെ ഇത്തരത്തിലുള്ള ഒരു ഏകത്വം സ്ഥാപിച്ചിരിക്കുന്നു. ഇവിടെനിന്ന് ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ നൽകുന്നു. ജനങ്ങൾ മുഴുവൻ യൂറോപ്പിലും വ്യാപിച്ചുകൊണ്ടും യൂറോപ്പിന്റെ പുറത്തും ഇസ്‌ലാമിന്റെ യഥാർഥ ചിത്രം സമർപ്പിക്കുന്നതായിരിക്കും. ഈ നിലയിലും ഈയൊരു ബഹുമതി ഈ നഗരത്തിന് കരസ്ഥമാകുന്നു.

ഹുദൂർ പറഞ്ഞു: ഞാൻ അതിഥികളോട് ചില കാര്യങ്ങൾ പറഞ്ഞതിനുശേഷം യഥാർഥ കാര്യത്തിലേക്ക് വരികയാണ്. അതായത് ജാമിഅയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഇവിടുത്തെ വിദ്യാർഥികളോട് ചില കാര്യങ്ങൾ പറയാനുദ്ദേശിക്കുന്നു. ഈ നഗരത്തിൽ ജാമിഅ സ്ഥാപിക്കാനുള്ള സൗഭാഗ്യം ലഭിച്ചതിന് ജാമിഅയിലെ വിദ്യാർഥികളും ഇവിടെയുള്ള ജമാഅത്തംഗങ്ങളും അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടതാണ്. ഇതൊരു വലിയ പ്രൊജക്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ പക്കൽ എണ്ണപ്പണമില്ല. അഹ്മദിയ്യാ ജമാഅത്ത് വളരെ ചെറിയൊരു ജമാഅത്താണ്. അത് അതിന്റെ എല്ലാ പ്രൊജക്ടും- അത് മസ്ജിദ് നിർമ്മാണമായാലും മിഷൻഹൗസ് നിർമ്മാണമായാലും മിഷണറിമാരെ തയ്യാറാക്കി വെളിയിലേക്ക് അയക്കുന്നതായാലും പ്രബോധന പരിപാടിയായാലും സാഹിത്യങ്ങളുടെ പ്രസിദ്ധീകരണമായാലും ജാമിഅയിലുള്ള മുബല്ലിഗുമാരേയും മുറബ്ബിമാരേയും തയ്യാറാക്കുന്ന കാര്യമായാലും- എല്ലാംതന്നെ ജമാഅത്തംഗങ്ങളുടെ ചന്ദയിലൂടെയാണ് നടക്കുന്നത് (തുടരും)

## 129-ാമത് ജൽസസാലാന ഖാദിയാൻ 2024 ഡിസംബർ 27,28,29 തിയതികളിൽ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്രിഹിൽ അസീസ് 129-ാമത് ജൽസസാലാന ഖാദിയാൻ 2024 ഡിസംബർ 27,28,29 തിയതികളിൽ(വെള്ളി, ശനി, ഞായർ)നടത്താൻ അനുവാദം തന്നിരിക്കുന്നു. സഹോദരങ്ങളെല്ലാവരും ദുആകളോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തോടെ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹുത്തആലാ ഏറ്റവും കൂടുതൽ സഹോദരങ്ങൾക്ക് ഈ ജൽസയിൽ പങ്കെടുത്ത് ഈ ദൈവികജൽസയിൽനിന്ന് ഉപകാരം നേടാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. (നാള്വിർ ഇസ്വ്ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)

WWW.MTA.TV
Reaching The Corners Of The Earth
ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
The Weekly BADR Qadian (Malayalam)

**പേജ് 1 ൽ നിന്ന്**

ല്ല. പ്രത്യുത ആ യുദ്ധം ചെയ്യുന്ന ഭരണത്തിൻകീഴിൽ വസിക്കുന്ന മുസ്‌ലിമീങ്ങൾക്കു മാത്രമായിരിക്കും നിർബന്ധം. കാരണം ഈ യുദ്ധം ഹുബ്ബുൽവത്വ്നിയുടെ, ദേശസ്നേഹത്തിന്റെ യുദ്ധമായിട്ടായിരിക്കും പറയപ്പെടുക. മതപരമായ യുദ്ധമായിരിക്കുകയില്ല. നബി(സ)തിരുമേനി പറയുന്നു:ഹുബ്ബുൽവത്വ്നി മിനൽ ഈമാനി അതായത് ദേശത്തോടുള്ള സ്നേഹവും ഈമാനിന്റെ ഒരു ഭാഗമാണ്.

പിന്നീടു പറഞ്ഞു:അത്തരം പീഢിപ്പിക്കപ്പെട്ടവരുടെ നിർബന്ധ കടമയാണ് അവർക്കു ശക്തി കിട്ടുമ്പോൾ അവർ എല്ലാ മതങ്ങളേയും സംരക്ഷിക്കുക എന്നത്. അവരുടെ പരിശുദ്ധമായ സ്ഥലങ്ങൾ മര്യാദയോടും ആരവോടുംകൂടി ശ്രദ്ധിക്കുകയും ആ വിജയത്തെ തങ്ങളുടെ ശക്തിയുടേയും കഴിവിന്റേയും മാർഗമാക്കാതിരിക്കുകയും ചെയ്യുക. മറിച്ച് സാധുസംരക്ഷണം, രാജ്യത്തിന്റെ അവസ്ഥ നേരെയാക്കൽ, കലഹവും അക്രമവും വിപാടനം ചെയ്യൽ തുടങ്ങിയ കാര്യങ്ങളിൽ തങ്ങളുടെ ശക്തികൾ ചെലവഴിക്കേണ്ടതാണ്. കാരണം ഇസ്‌ലാം ലോകത്തു വന്നത് സാക്ഷിയും സംരക്ഷകനുമായിട്ടാണ്. ബലാൽക്കാരനും അക്രമിയും എന്ന നിലയിലല്ല. ഇസ്‌ലാമിക ജിഹാദിനുമേൽ ആക്ഷേപമുന്നയിക്കുന്നവർ ഇത്തരത്തിലുള്ള യുദ്ധം മുസ്‌ലിമീങ്ങളുടെ അധികാരത്തിൽപ്പെട്ടതാണോ എന്ന് ചിന്തിക്കേണ്ടതാണ്. അതായത് അവർക്ക് തോന്നുമ്പോൾ യുദ്ധം തുടങ്ങാനും സത്യനിഷേധികളെ തടവുകാരായി പിടിക്കാനും! ഇത്തരത്തിലുള്ള യുദ്ധത്തിന്റെ തുടക്കം ശത്രുക്കളിൽനിന്നെ ഉണ്ടാകുകയുള്ളു. അതിൽനിന്ന് രക്ഷപ്പെടുക അവന്റെ അധികാരത്തിലാകുമ്പോൾ അതിനുശേഷവും അവർ അത്തരം യുദ്ധം ചെയ്യുകയും ബലാൽക്കാരമായി മറ്റുള്ളവരെ മതം മാറ്റാനാഗ്രഹിക്കുകയുമാണെങ്കിൽ അവൻ ഭ്രാന്തനാണ് അല്ലെങ്കിൽ ശിക്ഷയ്ക്കർഹനാണ്. കാരണം യുദ്ധം നടത്താതിരിക്കാൻ അവന് അധികാരമുണ്ടായിരുന്നു. മറ്റുള്ളവരുടെമേൽ അക്രമം ചെയ്യാതിരിക്കാനും അവന് അധികാരമുണ്ടായിരുന്നു. മതത്തിനുവേണ്ടി യുദ്ധം ചെയ്യാതിരിക്കാനും അവന് അധികാരമുണ്ടായിരുന്നു. ഇപ്രകാരം നാശത്തിൽനിന്നും നഷ്ടത്തിൽനിന്നും തന്നെ രക്ഷിക്കാമായിരുന്നു.

ഇവിടെ ഇതുംകൂടി ഓർമവെക്കേണ്ടതാണ്. ***ഇന്നല്ലാഹ യുദാഫിഉ അനില്ലദീന ആമനൂ*** എന്നതിനുശേഷം ഉദിന ലില്ലദീന യുഖാത്തലൂന ബിഅന്നഹും ള്ളുലിമൂ എന്നതിൽ ഈ ആക്ഷേപമുണ്ടാകുന്നുണ്ട്. മനുഷ്യൻ സ്വയം അവിശ്വാസികളോടു യുദ്ധം ചെയ്യുമ്പോൾ അല്ലാഹു എങ്ങനെയാണ് പ്രതിരോധിച്ചത്? ഈ ആയത്തുകളിൽ ഇതിന് ഇങ്ങനെ മറുപടി നല്കപ്പെട്ടിരിക്കുന്നു. പ്രത്യക്ഷത്തിൽ സത്യവിശ്വാസി യുദ്ധം ചെയ്യുന്നതായിരിക്കും. പക്ഷേ, അവനും മറ്റുള്ളവരും തങ്ങൾ ദുർബലരാണെന്നും വിജയിക്കുകയില്ലെന്നും അറിയുന്നുണ്ട്. അതിനാൽ ഇന്നല്ലാഹ അലാ നസ്വ്രിഹിം ലഖദീറുൻ എന്നു പറഞ്ഞുകൊണ്ട് പറഞ്ഞു:യഥാർഥ യുദ്ധം അല്ലാഹുവിൽ നിന്നായിരിക്കും. സത്യവിശ്വാസി അവന്റെ ഒരു ആയുധമായിരിക്കും. അവനെക്കൊണ്ട് അവൻ പണിയെടുപ്പിക്കും. വിജയം നൽകുക അവന്റെ അധികാരത്തിൽപ്പെട്ടതായിരിക്കും. അവൻ വിജയം നല്കുകയും ഇത് മനുഷ്യനല്ല അല്ലാഹുവാണ് യുദ്ധം ചെയ്തതെന്നതിന് തെളിവുമായിരിക്കും. പിന്നീട് അടുത്ത ആയത്തുകളിലും പറഞ്ഞു, വലയൻസ്വുറന്നല്ലാഹു മൻയ്യൻസ്വുറുഹു ആരാണോ അല്ലാഹുവിന്റെ ദീനിനുവേണ്ടി എഴുന്നേറ്റു നിൽക്കുന്നത് അല്ലാഹു അവനെ സഹായിക്കുന്നു. അതായത് സത്യവിശ്വാസികൾ യുദ്ധം ചെയ്തിട്ടും യഥാർഥ പ്രതിരോധം അല്ലാഹുവിന്റെ കൈയിൽ തന്നെയിരുന്നു.' *(തഫ്സീറെ കബീർ വാല്യം 6, പേജ് 63, പ്രസാധനം ഖാദിയാൻ 2010)*

## തയ്യാറായിക്കൊള്ളുവിൻ!

**നസീർ ഹുസൈൻ പുത്തൂർമഠം**

സത്യദീനിന്റെ ശക്തി വളർത്തീടുവിൻ
ദിവ്യശക്തി പ്രഭാവം ഉയർത്തീടുവിൻ
ലോകമാകെ പ്രകാശം പരത്തീടുവിൻ
ദൈവജ്ഞാനം മനസ്സിൽ നിറച്ചീടുവിൻ

എങ്ങുമുയരട്ടെ ദീനിന്റെ ദിവ്യാമൃതം
ശാന്തി മന്ത്രത്തിൻ മോഹന ജ്ഞാനാമൃതം
ആകെ തളർന്നോരു ലോകത്തിനായ്
വേഗമുണരണം കാവൽഭടരായ് നാം

പാരാകെ ദുഷ്ടർ തകർത്തീടുന്നു
പാരിൽ ബോംബിന്റെ ഗന്ധം നിറഞ്ഞീടുന്നു.
ദീനിന്റെ സേവകർ പോയീടണം
അവിടെ ശാശ്വത ശാന്തി പരത്തീടണം

പിഞ്ചുകിടാങ്ങൾ കരഞ്ഞീടുന്നു
അവർ ബോബിന്റിരകളായ് മാറീടുന്നു
രക്തക്കറകൾ നിറഞ്ഞീടുന്നു
അവിടെ ദുർഗന്ധമെങ്ങും പരത്തീടുന്നു

രക്തക്കറകൾ മയിച്ചീടണം
അവിടെ ബാങ്കിന്റെ ശബ്ദം മുഴക്കീടണം
ശാശ്വത ശാന്തി പരത്തീടുവാൻ
വേഗമൊന്നിക്കൂ സത്യഖിലാഫത്തിനായ്

മാനവശാന്തി മുഴങ്ങീടട്ടെയെങ്ങും
മസ്റൂരിൻ ശബ്ദം നിറഞ്ഞീടട്ടെ
എങ്ങുമുയരട്ടെ സ്നേഹത്തിൻ തെരുവീഥികൾ
ആകെ നിറയട്ടെ സത്യത്തിൻ മണിമുത്തുകൾ

ശാന്തി നിറയ്ക്കേണം ഗാസയിലും
ശാന്തിമന്ത്രം മുഴക്കേണം യുക്രൈനിലും
വൈരാഗ്യമാകെ നശിച്ചീടട്ടെ
എങ്ങുമുയരട്ടെ സത്യത്തിന്റിടപാടുകൾ

എങ്ങും വിതയ്ക്കേണം പൂവിത്തുകൾ
അവിടെ എന്നെന്നും നിറയട്ടെ പൂമുട്ടുകൾ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 17 October 2024 Issue-42

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദു മാത്ര**

**(ബദ്ർ വാള്യം 9 ലക്കം 41, പേജ് 11, കോളം 2-ൽനിന്ന് തുടർച്ച.....)**

ഞാൻ അഹ്മദിയ്യത്തിന്റെ എല്ലാ ശത്രുക്കളോടും പറയുകയാണ്, അവർ ജൽസയുടെ അന്തരീക്ഷം കാണുകയും ഒരു തവണ വന്ന് ജൽസിൽ പങ്കെടുക്കുകയും ചെയ്താൽ ഞാൻ ദൃഢമായും പറയുന്നു, അയാൾ എതിർപ്പ് ഉപേക്ഷിക്കുന്നതായിരിക്കും.

ഹംഗറിയിൽനിന്നുവന്ന സംഘത്തിന്റെ ഇൻചാർജ് സ്വദാഖത്ത് അഹ്മദ്ബട്ട് സാഹിബ് പറയുന്നു: ഇന്റർനെറ്റു മുഖേന എനിക്ക് ജർമനിയിലെ ഒരു കുടുംബവുമായി ബന്ധമുണ്ട്. ജമാഅത്തിനെ കുറിച്ച് നല്ലനിലയിൽ അവരെ പരിചയപ്പെടുത്തി. ഈ വർഷം ജർമനിയിൽ വരാൻ കഴിഞ്ഞതുകൊണ്ട് അവരേയും ജൽസയിൽ പങ്കെടുക്കാൻ ക്ഷണിച്ചു. കുടുംബനാഥനും ഭാര്യയും ജൽസയിൽവന്നു. ജൽസയിൽ പങ്കെടുക്കുന്നതിനു മുമ്പേ ഇസ്‌ലാമിനെ കുറിച്ചുള്ള അവരുടെ പ്രതികരണം നല്ലതായിരുന്നില്ല. ജൽസയിൽ പങ്കെടുക്കാൻ അവർ ആഗ്രഹിച്ചിരുന്നുമില്ല. അവരെ ആശ്വസിപ്പിച്ചതിനുശേഷം പങ്കെടുക്കാൻ അവർ തയ്യാറായതാണ്. ജൽസയുടെ 3 ദിനങ്ങളിലും അവർ പങ്കെടുത്തു.

അവർ ഹുദൂർ അൻവറിന്റെ ജുമുഅ പ്രഭാഷണം ശ്രദ്ധയോടെ കേട്ടു. അതിൽ വളരെ ആകർഷിതരായി. നമസ്കാര സമയത്തുള്ള അന്തരീക്ഷം അവരെ അതിനെക്കാൾ ആകർഷിച്ചു. ഇതു പോലെയുള്ള അന്തരീക്ഷം ജീവിതത്തിലാദ്യമായാണ് അവർ കാണുന്നത്. വൈകുന്നേരമായിരുന്നു ഹുദൂറുമായുള്ള അവരുടെ കൂടിക്കാഴ്ച. വളരെ ആകർഷിതരായ അവർ പറഞ്ഞു: ഞാൻ ക്രൈസ്തവ പാതിരിമാരെ നിരന്തരം കാണുന്നയാളാണ്. എന്നാൽ, അവരുടെ വർത്തമാനങ്ങളിൽ ഒരുവിധ പ്രതികരണവുമുണ്ടാകാറില്ല. അവർ വാക്കുകൾ ഒരു ചെവികൊണ്ട് കേട്ട് മറ്റേ ചെവിയിലൂടെ തള്ളിക്കളയുന്നു. എന്നാൽ, അദ്ദേഹം പറഞ്ഞു: ഹുദൂർ അൻവറിന്റെ വാക്കുകൾ ഒരു പ്രകാശം പോലെ എന്റെ ഹൃദയാന്തരാളങ്ങളിൽ അരിച്ചിറങ്ങുന്നു.

അന്നേദിവസം രാത്രി അദ്ദേഹം തന്റെ മകന് ഫോൺ ചെയ്ത് എല്ലാ വിവരങ്ങളും പറഞ്ഞു. അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നേതാവ് അവർക്ക് കൂടിക്കാഴ്ചയ്ക്ക് സമയം നല്കിയതായും വളരെ വാത്സല്യത്തോടും സ്നേഹത്തോടും പെരുമാറിയതും പേന ഉപഹാരമായി നല്കിയതുമെല്ലാം അറിയിച്ചു. ഒടുവിൽ കൈപിടിച്ച് ഫോട്ടോ എടുത്തതും പറഞ്ഞി. ശനിയാഴ്ച അദ്ദേഹത്തിന്റെ ഭാര്യ സ്ത്രീകളുടെ ജൽസാ ഗാഹിലെത്തി. സ്ത്രീകളുടെ ജൽസാഗാഹിലെ സംവിധാനം കണ്ട് വളരെ ആകർഷിതയായി. ളുഹർ-അസ്വ്ർ നമസ്കാരങ്ങൾ സ്ത്രീകളോടൊപ്പം ജീവിതത്തിലാദ്യമായി അവരെ നോക്കി നോക്കി നമസ്കരിച്ചു.

സ്വദാഖത്ത് ബട്ട് സാഹിബിന്റെ ഭാര്യ പറയുന്നു: വളരെ ആകർഷിക്കുന്നതാണ് ഹുദൂറിന്റെ വ്യക്തിത്വം. ഹുദൂറുമായുള്ള കൂടിക്കാഴ്ചാസമയത്ത് ഞാൻ വികാരനിർഭരമായ അവസ്ഥയിലായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നേതാവിനെ കൺമുമ്പിൽ കാണുകയും സംസാരിക്കുകയും ചെയ്തപ്പോൾ അത് എന്നിൽ വിസ്മയകരമായ ഒരവസ്ഥ സൃഷ്ടിച്ചിരുന്നു. ഹുദൂർ എനിക്ക് പേനയും ഉപഹാരമായി നല്കി. ഞാൻ മുമ്പേതന്നെ യൂട്യൂബിലും ഇതര പ്ലാറ്റുഫോമിലും ഹുദൂറിന്റെ വീഡിയോകൾ കണ്ടിട്ടുണ്ടായിരുന്നു. എന്നാൽ, കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം ആദ്യമായാണ് ലഭിക്കുന്നത്.

അവർ എക്സിബിഷൻ പ്രോഗ്രാം വളരെ ശ്രദ്ധയോടെ വീക്ഷിച്ചു. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് ഒപ്പം തന്നെ മറുപടി ലഭിച്ചു കൊണ്ടിരുന്നു. ജമാഅത്തിന്റെ രണ്ടു മുബല്ലിഗുമാരുമായും അവരുടെ സിറ്റിംഗും നടന്നു. ഇസ്‌ലാം അഹ്മദിയ്യത്തിനെക്കുറിച്ച് വിശദമായി വിവരങ്ങൾ കൈമാറി.

സ്വദാഖത്ത് ബട്ട് സാഹിബ് പറയുന്നു: ശനിയാഴ്ചയ്ക്കും ഞായറാഴ്ചയ്ക്കുമിടയിലെ രാത്രിയിൽ ഏകദേശം 02.00 മണിക്ക് അവർ താമസിച്ചിരുന്ന ഹോട്ടലിലെ ഒരു ഹാളിൽനിന്ന് ഹുദൂർ നമസ്കരിക്കുന്ന ശബ്ദം കേട്ടപ്പോൾ ഉറക്കത്തിൽനിന്നെഴുന്നേറ്റിരുന്നു. അപ്പോഴും ശബ്ദം വരുന്നുണ്ടായിരുന്നു. അദ്ദേഹം തന്റെ ഭാര്യയേയുമുണർത്തി താൻ കണ്ട സ്വപ്നം വിവരിച്ചു. ഞായറാഴ്ച രാവിലെ ജൽസാഗാഹിലെ ത്തി ബയ്അത്ത് ചെയ്യാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. തുടർന്ന അവരിരുവരും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചു.

ഫ്രാൻസിൽനിന്നുവന്ന ഒരു സ്നേഹിതൻ കൂടിക്കാഴ്ചാവേളയിൽ പറഞ്ഞു: ഒരു അഹ്മദി സ്നേഹിതൻ മുഖേന ജമാഅത്തിനെ കുറിച്ച് പരിചയപ്പെട്ടു. ഒരു ക്രൈസ്തവ കുടുംബത്തിലാണ് ഞാൻ ജനിച്ചത്. മതപരമായ ഒരുവിധ ആചരണവും ഞാൻ ചെയ്യാറില്ല. ചർച്ചിൽ പോയപ്പോൾ ഹദ്റത്ത് ഈസാعليه السلامന്റെ സ്റ്റാച്യൂ കണ്ടു. ദൈവത്തിനെ ആരാധിക്കണോ അതോ സ്റ്റാച്യൂവിനെ ആരാധിക്കണോ എന്നെനിക്ക് മനസ്സിലായില്ല. അതു കഴിഞ്ഞ് ഞാൻ പ്രസ്തുത അഹ്മദിയുമായി ബന്ധപ്പെട്ടു. അദ്ദേഹം എനിക്ക് ജമാഅത്തിനെ പരിചയപ്പെടുത്തി. ജമാഅത്തിനെ കുറിച്ചുള്ള വിവരങ്ങൾ കൈമാറി. 'ഇസ്‌ലാംമത തത്ത്വജ്ഞാനം' എന്ന ഗ്രന്ഥം വായിക്കാൻ നല്കി. ജൽസയിൽ പങ്കെടുത്തു. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ കേട്ടു. എന്റെ മാനസികാവസ്ഥയ്ക്ക് മാറ്റം വന്നു. ജൽസയുടെ മൂന്നാം ദിവസം ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു.

ബയ്അത്തിനും സമാപന പ്രഭാഷണത്തിനും ശേഷം 15 വയസ്സുള്ള ഈഹാബ് എന്ന നവഅഹ്മദി യുവാവ് കരഞ്ഞുകൊണ്ട് പറഞ്ഞു: ദൈവത്തെക്കൊണ്ട് സത്യം, ഇന്നത്തെ ദിനം എന്റെ ജീവിതത്തിലെ സുന്ദരദിനമാണ്. എന്റെ മാനസികാവസ്ഥ വാക്കുകളിൽ വിവരിക്കാൻ എനിക്ക് സാധിക്കുന്നില്ല. ഖലീഫയെ അടുത്ത് കണ്ടപ്പോൾ എന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. ഈ അന്തരീക്ഷത്തിൽനിന്ന് വേർപെടാൻ എന്റെ മനസ്സ് ആഗ്രഹിക്കുന്നില്ല.

ഒരു സിറിയൻ കുടുംബം ബയ്അത്ത് ചെയ്ത് മടങ്ങി പോയപ്പോൾ അവരെ കാണാൻ വീട്ടിൽ ചില സ്നേഹിതർ വന്നു. വന്ന സ്ത്രീകൾ ജൽസയിൽ പങ്കെടുത്തുവന്ന കുടുംബ നാഥയോടു ചോദിച്ചു: 'നിങ്ങൾ അവിടെ പോയതെന്തിനാണ്. അവർ കാഫിറല്ലേ. അവരോടൊപ്പം ഇരിക്കുക എന്നതുപോലും അനുവദനീയമല്ല.'

കുടുംബ നാഥ പറഞ്ഞു: ഒരു വിധത്തിലും അവർ കാഫിറാകുക സാധ്യമല്ല. ഞങ്ങൾ മൂന്നു ദിവസവും അല്ലാഹുവിനെക്കുറിച്ചും അവന്റെ തിരുദൂതരെ കുറിച്ചും വിശുദ്ധ ഖുർആനെക്കുറിച്ചുമല്ലാതെ മറ്റൊന്നും കേട്ടിട്ടില്ല. മറ്റെവിടേയും കണ്ടിട്ടില്ലാത്ത ആത്മീയാന്തരീക്ഷം ഞങ്ങൾക്ക് അവിടെ കാണാൻ കഴിഞ്ഞു. ഇസ്‌ലാമിനെ സംബന്ധിച്ച് അഹ്മദികൾ സമർപ്പിക്കുന്ന സത്യവും യഥാർഥവുമായ അധ്യാപനം മറ്റാർക്കും സമർപ്പിക്കാൻ സാധിക്കില്ല. ഇസ്‌ലാമിനോട് ഇത്രയും സത്യസന്ധമായ സ്നേഹം പുലർത്തുന്നവർ എങ്ങനെ കാഫിറാകും?

ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം ഒരു സിറിയൻ സ്നേഹിതൻ പറഞ്ഞു: ഞാൻ ബയ്അത്ത് ചെയ്യാനാഗ്രഹിക്കുന്നു. കഴിഞ്ഞ വർഷവും ഞാൻ വന്നിരുന്നു. എന്നാൽ, നൂറു ശതമാനവും തൃപ്തനായിരുന്നില്ല. തൃപ്തികരമായ മറുപടി ലഭിക്കാത്ത ചില ചോദ്യങ്ങളുണ്ടായിരുന്നു. എന്നാലിന്ന് ദൈവം എന്റെ ഹൃദയം സംശുദ്ധമാക്കി. എന്റെ എല്ലാ സംശയങ്ങളും നീങ്ങി. കൂടിക്കാഴ്ചയ്ക്കുശേഷം ഇപ്പോൾ ബയ്അത്ത് ചെയ്യുക എന്നതല്ലാതെ എന്റെ മുന്നിൽ മറ്റൊരു വഴിയുമില്ലായിരുന്നു. (അവലംബം: ബദ്ർ ഉർദു,14 ആഗസ്റ്റ് 2014)

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**
**(വിശുദ്ധ ഖുർആൻ 51:57)**

ത്വാലിബെ ദുആ
**Late DILSAD ABDULLATHEEF AND FAMILY KALLIKOTE**
PATHAPPIRIYAM, MALAPURAM

**• അല്ലാഹുവിന്റെ കലാം •**

**എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു). ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു (26:80-81)**




ത്വാലിബെ ദുആ
**DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD**
VAYANASHALA, PATHAPPIRIYAM, KERALA

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin